
KPM little KITEs

# ANNUAL 2019



# പ്രയാണം

# K P M H S S
# CHERIYAVELINALLOOR



**“Conscience is the ripe fruit of strictest discipline”**

## Headmaster



## Sri. Bipin Bhaskar



ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ ഹെഡ് മാസ്ററർക്കും മിസ്ട്രസുമാർക്കും ഒപ്പം

# LITTLE KITEs MISTRESS



**Nisha Rajan**
**HST Natural Science**



**Hema G**
**HST Mathematics**

# Editorial

ചെമ്പകവും ചെമ്പരത്തിയും നന്ത്യാർവട്ടവും കൈകോർത്തു പിടിക്കുന്ന ശാന്തസുന്ദരമായ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ  തിലകക്കുറിയായി വിലസ്സുന്ന ഒരേഒരു ഹയർ സെക്കന്ററി സ്ക്രൂളാണ് കെ പി എം എച്ച് എസ് എസ് .ഇന്ന്  അത് അതിന്റെ പ്രശസ്തിയുടെ ഒരു ചവിട്ടുപടി ക്രൂടി കടന്നിരിക്കുകയാണ് .കേരളത്തിലെ ആദ്യത്തെ ലിറ്റിൽ കൈറ്റ്സ് ക്രൂട്ടായ്മയുടെ ഭാഗമാകാൻ ഈ സ്ക്രൂളിന് അവസരം കൈവന്നു .ലിറ്റിൽ കൈറ്റ്സ് ക്രൂട്ടായ്മയുടെ സമചിത്തമായപ്രവർത്തനത്തിന്റെ മകുടോദാഹരണമാണ്  'e-മാഗസിൻ' ആയ 'പ്രയാണം'.ഈ മാറ്റത്തിന്റെ യുഗത്തിൽ അക്ഷരങ്ങളെ സ്നേഹിക്കുന്നവർക്കുവേണ്ടി കെ പി എം എച്ച് എസ് എസ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ മാഗസിൻ സമർപ്പിക്കുന്നു

...............................

എഡിറ്റർ,

സ്മൃതി ഹരിദാസ്, 9E





Vaishnavi A

# റിപ്പോർട്ട്



സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ കൂട്ടായ്മ കഴിഞ്ഞ വർഷം സ്കൂളുകളിൽ നടപ്പിലാക്കി. കേരളത്തിലെ ആദ്യത്തെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിൽ ഭാഗമാകാൻ ഞങ്ങളുടെ സ്കൂളിനും ഭാഗ്യമുണ്ടായി. കേരളമൊട്ടുക്കു നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലാണ് കുട്ടികളെ തെരഞ്ഞെടുത്തത്. ഞങ്ങളുടെ സ്കൂളിൽ നിന്നും 40 കുട്ടികളെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലേക്ക് പരിഗണിച്ചു.

ഇതിന്റെ പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കും എന്നതിനെ പറ്റി ഞങ്ങൾക്ക് ആശങ്കയുണ്ടായിരുന്നു. എട്ടാം ക്ളാസിൽ പഠിച്ച കമ്പ്യൂട്ടർ പരിജ്ഞാനം

മാത്രമായിരുന്നു ഞങ്ങൾക്ക് കൈമുതലായിരുന്നത്. ഞങ്ങൾക്ക് പരിശീലന കാലയളവിൽ വൈവിധ്യമായ പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരം ലഭിക്കുമെന്ന് ലിറ്റിൽ കൈറ്റ്സിന്റെ മിസ്ട്രസ്സുമാരായ ഹേമ ടീച്ചറും നിഷ ടീച്ചറും പറഞ്ഞു.

ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഉദ്ഘാടനം ജൂൺ 23 ന് ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ ശ്രീ .ബിപിൻ ഭാസ്കർ നിർവഹിച്ചു. tupi tube desk എന്ന സോഫ്റ്റ്‌വെയർ ആണ് ടീച്ചർ ഞങ്ങളെ പരിചയപ്പെടുത്തിയത്.അനിമേഷൻ ചിത്രങ്ങൾ നിർമ്മിക്കാൻ ഞങ്ങൾ പഠിച്ചു . ഞങ്ങൾ വളരെ താല്പര്യത്തോടെയാണ് തുടർന്നുള്ള ഭാഗങ്ങൾ ശ്രദ്ധിച്ചത് . ഉച്ചക്ക് ശേഷമുള്ള സെഷനിൽ kite ന്റെ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ജീവൻ രാജ് സാർ ഞങ്ങളുടെ ക്യാമ്പ് സന്ദർശിക്കുകയുണ്ടായി.സാർ ഞങ്ങൾക്ക് കമ്പ്യൂട്ടർ രംഗത്തെ പുതിയ അറിവുകൾ പകർന്നു തന്നു. പ്രൊജക്ടർ സെറ്റ് ചെയ്യുന്നതെങ്ങനെയെന്നും ഞങ്ങൾ മനസ്സിലാക്കി .

തുടർന്നുള്ള ക്ലാസ്സുകൾക്കായി ഞങ്ങൾ ആകാംക്ഷയോടെയാണ് കാത്തിരുന്നത്. മലയാളം കമ്പ്യൂട്ടിങ് ,ഇൻറെർനെറ്റ് എല്ലാം ഞങ്ങൾക്ക് ഇഷ്ടപ്പെട്ട മേഖലകളായിരുന്നു. മലയാളം ടൈപ്പിങ്ങിന്റെ സമയത്ത് സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുതയ്യാറാക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി ടീച്ചർ സംസാരിച്ചു.. അന്ന് മുതൽ മാഗസിനാവശ്യമായ ഉത്പന്നങ്ങൾ തയ്യാറാക്കാൻ ഞങ്ങൾ ആരംഭിച്ചു..

മൊബൈൽ ആപ്പ് നിർമ്മാണവും സ്ക്രാച്ചും ഒക്കെ ഞങ്ങൾക്ക് ഇഷ്ടപ്പെട്ട മേഖലയായിരുന്നു.ഈ അധ്യയന വർഷം ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ അവസാനിക്കും എന്നോർക്കുമ്പോൾ ഒരു വിഷമം ഉണ്ട്. എന്നാലും ഞങ്ങൾ ഉപരിപഠനത്തിന് ഈ മേഖല തന്നെ തെരഞ്ഞെടുക്കും. അത് തീർച്ച .




ബിപിൻ ഭാസ്കർ
ഹെഡ്മാസ്റ്റർ
കെപിഎംഎച്ച്എസ്എസ്
ചെറിയവെളിനല്ലൂർ

# സന്ദേശം

നമ്മുടെ സ്ക്കൂളിന്റെ ആദ്യത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ e-മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട് .പാഠ്യ - പഠ്യേതര വിഷയങ്ങളിൽ സജീവമായ ഞങ്ങളുടെ കുട്ടികളുടെ ആദ്യത്തെ e-മാഗസിൻ ആണ് ഇത് .

പഠന വിഷയങ്ങളിൽ മാത്രമല്ല ലോകത്തെ അറിയാനും കുട്ടികൾക്ക് സാധിക്കണം .എന്നാലെ വിദ്യാലയ ഉദ്ദേശ്യങ്ങൾ പൂർണമാകൂ .കുട്ടികളെ ഉന്നതിലേക്കെത്തിക്കാൻ ഈ സ്ക്കൂളിന് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. അതിന്റെ മുന്നൊരുക്കമായ ഈ e-മാഗസിൻ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സിനു എന്റെ അഭിനന്ദനങ്ങൾ .



ചെറിയവെളിനല്ലൂർ,
19/01/2019

## ഉള്ളടക്കം

കഥ........................................................................................................7
കുളം നിറഞ്ഞ കഥ........................................................................................7
........................................................................................................9
സ്മരണ........................................................................................................9
കവിത........................................................................................................10
തത്തക്കൊത്ത്..............................................................................................10
ലേഖനം........................................................................................................11
റോബോട്ടുകളും കൃത്രിമബുദ്ധിയും.......................................................................11
കവിത........................................................................................................15
കഥ........................................................................................................16
കിച്ചുവും റിച്ചുവും..........................................................................................16
കഥ........................................................................................................17
ബുദ്ധിമാനായ ആട്..........................................................................................17
കവിത........................................................................................................19
വിശപ്പ്........................................................................................................19
കൊല്ലാം , പക്ഷേ തോൽപ്പിക്കാനാവില്ല..............................................................21
POEM........................................................................................................23
ANGEL MOTHER......................................................................................23
കഥ........................................................................................................25
കരയുന്ന മുത്തശ്ശി..........................................................................................25
കവിത........................................................................................................27
എന്റെ കൂട്ടുകാരി..........................................................................................27
കഥ........................................................................................................28
കുറുക്കനും കീരിയും........................................................................................28
കഥ........................................................................................................29
poem........................................................................................................30
कविता........................................................................................................31
पतंग........................................................................................................31
ലേഖനം........................................................................................................32
ശ്രേഷ്ഠ ഭാഷയുടെ നെറുകയിൽ മലയാളം............................................................32
കവിത........................................................................................................34
അണ്ണാനോട്..................................................................................................34

കവിത....................................................35
ബുദ്ധമയൂരി....................................................35
സ്നേഹസ്പർശം....................................................36
....................................................36
കവിത....................................................38
കവിത....................................................39
പൂമ്പാറ്റ....................................................39
സുന്ദരിയുടെ അഹങ്കാരം....................................................40
ലേഖനം....................................................42
कविता....................................................44
സമകാലികം....................................................45
മണ്ണിൽ പിറന്ന മാലാഖ ....................................................45
ലേഖനം....................................................46
മാതൃത്വത്തിന്റെ കവയത്രി....................................................46
കവിത....................................................48
സമ്മാനം....................................................48
Poem....................................................49
NEW YEAR....................................................49
ലേഖനം....................................................50
ഓർമച്ചെപ്പ്....................................................50
Rain....................................................54
bout
DR APJ ABDUL KALAM A TRUE STORT....................................................54
A GEOMETRICAL MARRIAGE
INVITATION ....................................................55

കഥ



Shafna .M
9D

# കുളം നിറഞ്ഞ കഥ



ഒരിടത്തൊരിടത്ത് ഒരു മുത്തശ്ശനും മുത്തശ്ശിയും ഉണ്ടായിരുന്നു.അവരൊരു കുളത്തിന്റെ വക്കിലായിരുന്നു താമസിച്ചിരുന്നത് . ആ വീട്ടിലെ ആവശ്യത്തിനായി ആ കുളത്തിലെ വെള്ളമായിരുന്നു ഉപയോഗിച്ചിരുന്നത്. മുത്തശ്ശനും മുത്തശ്ശിയും തികഞ്ഞ പ്രകൃതി സ്നേഹികളായിരുന്നു. ഒരു കനത്ത വേനലിൽ ആ കുളത്തിലെ വെള്ളം അതിന്റെ കാൽ ഭാഗത്തേക്കാൾ താഴെയായി. ആ വൃദ്ധ ദമ്പതികൾ നടന്നു പോയി മറ്റു സ്ഥലങ്ങളിൽ നിന്നും വെള്ളം കോരിക്കൊണ്ടു വരുമായിരുന്നു. ഒരു ദിവസം വെള്ളം കോരാൻ പോയപ്പോൾ വേദന കലർന്ന ഒരു നിലവിളി പോക്രോ ! പോക്രോ ! മുത്തശ്ശൻ അവിടേക്കു നോക്കിയപ്പോൾ അവിടെ

ഒരു തവള. അതിന്റെ ശരീരം മുഴുവൻ മുറിഞ്ഞിട്ടുണ്ടായിരുന്നു. മുത്തശ്ശൻ തവളയെ എടുത്ത് കുളത്തിലേക്ക് പോയി. ഒരു മരം വെട്ടുകാരൻ ആ സമയം അത് വഴി വന്നു. അവൻ നോക്കിയപ്പോൾ മുത്തശ്ശന്റെ കയ്യിൽ തവള . "എന്താ ഇത്, ഇതിനെ എവിടേക്കാണ് കൊണ്ട് പോകുന്നത്."- മരം വെട്ടുകാരൻ  ചോദിച്ചു. ഇതിനെ കുളത്തിലിടുവാൻ പോവുകയാണ്.മുത്തശ്ശൻ മറുപടി പറഞ്ഞു.എന്ത്,വറ്റാറായ ആ കുളത്തിൽ ഒരു തവളയെ കൊണ്ടിട്ടു മലിനമാക്കുന്നോ ?മരം വെട്ടുകാരൻ ചോദിച്ചു. മുത്തശ്ശൻ ഒന്നും പറയാതെ ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു.

ആ തവളയെ മുത്തശ്ശൻ കൊണ്ട് കുളത്തിലിട്ടു.രണ്ടു ദിവസം കഴിഞ്ഞപ്പോൾ അവിടെ തവളയുടെ ഒരു കൂട്ടം തന്നെയായി. മുത്തശ്ശൻ അവയെ നോക്കി നിന്നപ്പോൾ മരം വെട്ടുകാരൻ അത് വഴി വന്നു. "ഞാൻ പറഞ്ഞില്ലേ തവളയെ കുളത്തിൽ ഇടല്ലേ ഇടല്ലേ എന്ന്. അനുഭവിച്ചോ ". മരം വെട്ടുകാരൻ പറഞ്ഞു.മുത്തശ്ശൻ പിന്നെയും മന്ദഹസിച്ചു.

പിന്നെ ദിവസം വൈകുന്നേരം തവളകൾ കൂട്ടത്തോടെ കരയാൻ തുടങ്ങി. ആ രാത്രിയിലും ഭയങ്കര കരച്ചിൽ. പെട്ടെന്ന് മഴ പെയ്യാൻ തുടങ്ങി. ഗാഢനിദ്രയിലായിരുന്ന മുത്തശ്ശൻ കണ്ണ് തുറന്നു.പുറത്തു ഭയങ്കര മഴയും കാറ്റും. മുത്തശ്ശൻ കണ്ണുകളടച്ചു. രാവിലെ മുത്തശ്ശൻ എഴുന്നേറ്റ്  കുളത്തിലേക്ക് പോയി നോക്കി. ആ കുളം നിറഞ്ഞിരിക്കുന്നു.ആ മരംവെട്ടുകാരൻ പിന്നെയും അത് വഴി വന്നു. ആ കുളം കണ്ടു അയാൾ ഞെട്ടി. മുത്തശ്ശൻ പറഞ്ഞു, "നാം പ്രതിഫലം ആഗ്രഹിച്ച് ഒന്ന് ചെയ്യരുത്. ഇത് പ്രകൃതിയിലെ ഒരു നിയമമാണ്. നാം പ്രതിഫലമാഗ്രഹിച്ച് നന്മ ചെയ്യരുത്. നാം ഒരാളെ സഹായിക്കുമ്പോൾ അതിനുള്ള പ്രതിഫലം എങ്ങനെയെങ്കിലും നമ്മളിലെത്തും.."



Shifana Shajahan(9D)

# സ്മരണ



നൃത്ത വേദി ശൂന്യമായി ................മൃണാളിനി സാരാഭായ് അന്തരിച്ചു

ലോകം മുഴുവൻ ഇന്ത്യയുടെ സംസ്കാരം ഉയർത്തിക്കാട്ടിയ നർത്തകി മൃണാളിനി സാരാഭായ് ജീവിതത്തിന്റെ നൃത്ത വേദിയിൽ നിന്ന് അന്തരിച്ചു .വിഖ്യാത നർത്തകിയായ സാരാഭായ് ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വിക്രം സാരാഭായിയുടെ ഭാര്യയായിരുന്ന .പ്രശസ്ത നർത്തകി മല്ലിക സാരഭായ് ,പരിസ്ഥിതി പ്രവർത്തകനായ കാർത്തികേയ സാരാഭായ് എന്നിവർ മക്കൾ .നേതാജി സുഭാഷ് ചന്ദ്ര ബോസിന്റെ ഇന്ത്യൻ നാഷണൽ ആർമിയിൽ പോരാടിയ ക്യാപ്റ്റൻ ലക്ഷ്മി സഹോദരിയാണ് .

പത്മശ്രീ ,പത്മഭൂഷൺ ,വീരശൃംഖല തുടങ്ങിയ ഒട്ടേറെ ദേശീയ പുരസ്കാരങ്ങൾ മൃണാളിനിക്ക് ലഭിച്ചിട്ടുണ്ട് .1942 ൽ ആയിരുന്ന വിക്രം സാരാഭായിയുമായുള്ള വിവാഹം .കലയെ ജീവനതുല്യം സ്നേഹിച്ച ദമ്പതിമാർ ചേർന്ന് അഹമ്മദാബാദിൽ ദർപ്പണ നൃത്ത വിദ്യാലയം ആരംഭിച്ചത് 1948 ൽ .നൃത്ത വിദ്യാലയം എന്നതിലുപരി ദർപ്പണ ഇന്ത്യയിലെ സാംസ്കാരിക കേന്ദ്രം തന്നെയായി മാറി .ഗുജറാത്ത് സ്റ്റേറ്റ് ഹാൻഡിക്രഫ്റ്റ് ആൻഡ് ഹാൻഡ്ലൂം കോർപൊറേഷന്റെയും നെഹ്റു ഫൌണ്ടേഷൻ ഫോർ ടെവേലോപ്മെന്റിന്റെയും അധ്യക്ഷനായിരുന്നിട്ടുണ്ട് മൃണാളിനി .2015 ൽ നമ്മെ വിട്ടു വിട വാങ്ങി .

കവിത



അനില സതീഷ്

9B

# തത്തക്കൊത്ത്



വിത്തുകളൊത്തിരി കുട്ടയിലായി
പാടത്തെത്തീ മാത്തുണ്ണി
വിത്തുകളെല്ലാം വിതറിയശേഷം
ഒന്ന് മയങ്ങീ മാത്തുണ്ണി

തത്തകളൊത്തിരി പാത്തു പതുങ്ങി
പടത്തെത്തീ പെട്ടെന്ന്
വിത്തുകളത്രേം കൊത്തി ത്തിന്നിട്ടൊത്ത്
പറന്നവർ മേലേക്ക്

## ലേഖനം

# റോബോട്ടുകളും കൃത്രിമബുദ്ധിയും



ജ്യോതിസ്.പി.ആർ
9 D



പല പല ലേഖനങ്ങളിലൂടെയും നോവലിലൂടെയും സിനിമയുടെയും മറ്റും അവതരിപ്പിക്കുന്ന ഒരു വിഷയമാണ് റോബോട്ടുകൾ മനുഷ്യലോകത്തെ ഭരിക്കുന്നതും നമ്മിൽ ആധിപത്യം സ്ഥാപിക്കുന്നതും നമ്മെ അടിച്ചമർത്തുന്നതും,നാമിന്നു നമ്മുടെ ബുദ്ധിയെയും ചിന്താശക്തിയെയും യന്ത്രങ്ങൾക്ക് പകർന്നു കൊടുക്കുകയാണ് .ഈ പ്രവർത്തി മനുഷ്യന്റെ തന്നെ ഉന്മൂലനത്തിനു കാരണമാകുന്നുവെന്നാണ് പല പ്രശസ്തരും പറയുന്നത്. കൃത്രിമ ബുദ്ധിയുടെ ഏറ്റവും ആധുനികവും മികച്ചതുമായ ഒരു റോബോട്ട് ! കണ്ടാലൊരു സുന്ദരി .പിറകിൽ പോയി നോക്കിയാൽ സംഗതി മനസ്സിലാകും മോട്ടോറുകളും ചിപ്പുകളും വയറുകളുമെല്ലാം നിറഞ്ഞ ഒരു തലച്ചോർ !സിലിക്കോൺ സ്കിൻ ഉപയോഗിച്ച് നിർമ്മിച്ച ചർമം . നാട് സൗദി പേര് സോഫിയ. ഒരു രാജ്യത്തിലെ പൗരത്വം നേടിയ ആദ്യ റോബോട്ടാണ് സോഫിയ.

നമ്മൾ ഇന്ന് ജീവിക്കുന്നത് ഹൈടെക് യുഗത്തിലാണ് .നാം ഒരു റോബോട്ടിൽ പ്രോഗ്രാം ചെയ്യുന്ന കാര്യങ്ങൾ മാത്രമേ ഒരു റോബോട്ട് ചെയ്യുന്നുള്ളൂ .എന്നാൽ ഇനി വരുന്നത് മനുഷ്യന്റെ ജോലോകൾ സ്വയം കണ്ടു പഠിച്ച് മനസ്സിലാക്കി ചെയ്യാൻ കഴിയുന്ന റോബോട്ടുകളുടെ കാലമാണ്

## പ്രയാണം

!!

റോബോട്ടുകൾ എന്നാൽ എന്ത്? എന്ന ചോദ്യം മനസ്സിൽസ്വയം ചോദിക്കുമ്പോൾ മനസ്സിൽ ഒരു യന്ത്ര മനുഷ്യന്റെ രൂപമാണ് സാധാരണ തെളിഞ്ഞു വരുന്നത് . പക്ഷെ ശരിക്കും ഓരോ ജോലിക്കനുസരിച്ചുള്ള രൂപമാണ് റോബോട്ടിനുണ്ടാവുക. റോബോട്ട് എന്നാൽ സ്വന്തമായോ അല്ലെങ്കിൽ നിർദേശങ്ങൾക്ക് അനുസരിച്ചോ പ്രവർത്തിക്കുന്ന ഒരു ഇലക്ട്രോ മെക്കാനിക്കൽ സംവിധാനമാണ് റോബോട്ട് .പ്രോഗ്രാമുകൾക്കനുസരിച്ചാണ് ഇവയുടെ പ്രവർത്തനം.ഒരു ബാഹ്യസംവിധാനം ഉപയോഗിച്ചോ റോബോട്ടിനുള്ളിലെ നിയന്ത്രണ സംവിധാനമുപയോഗിച്ചോ ഇതിനെ നിയന്ത്രിക്കാം.

റോബോട്ടുകളുടെ രൂപകൽപന ,നിർമ്മാണം, പ്രവർത്തനം ,സാദ്ധ്യതകൾ എന്നിവയെപ്പറ്റിയൊക്കെ പഠിക്കുന്ന ശാസ്ത്ര ശാഖയാണ് റോബോട്ടിക്.ലോകത്തിലെ ആദ്യത്തെ റോബോട്ടായി അറിയപ്പെടുന്നത് ബി സി 450 ഇൽ ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞൻ അർച്ചിറ്റാസ് നിർമ്മിച്ച ദിവിജിൻ ആണ് . ഒരു മനുഷ്യന്റെ സാദൃശ്യമുള്ള റോബോട്ടുകളെയാണ് ഹ്യൂമനോയിഡുകൾ എന്ന് പറയുന്നത്. ലോകത്തിലെ ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ടാണ് ഇലക്ട്രോ.

റോബോട്ടുകളുടെ തുടക്കം മുതൽ ഇന്ന് വരെ പലതരം വളർച്ച ഘട്ടങ്ങളിലൂടെയാണ് അവ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഇതിനെ അടിസ്ഥാനമാക്കി റോബോട്ടുകളെ നാല് തലമുറയായി തിരിച്ചിരിക്കുന്നു.

1960 മുതൽ 1980 വരെയുള്ള കാലഘട്ടത്തിലെ റോബോട്ടുകളാണ് ഒന്നാം തലമുറയിലെ അംഗങ്ങൾ .സ്പോട്ട് വെൽഡിങ് , സ്പ്രേ പെയിന്റിംഗ് എന്നിങ്ങനെ ആവർത്തന സ്വഭാവമുള്ള ജോലികൾ ചെയ്യാൻ വ്യവസായ ശാലകളിലാണ് ഇവയെ പ്രധാനമായും ഉപയോഗിക്കുന്നത്.കമ്പ്യൂട്ടർ പ്രാഗ്രാമിന്റെ സഹായത്തോടെ ന്യൂക്ലിയർ റിയാക്ടറുകൾ ഉൾപ്പെടെയുള്ള മേഖലകളിൽ പ്രവർത്തിക്കാൻ കഴിവുള്ള റോബോട്ടുകളാണ് രണ്ടാം തലമുറക്കാർ.കാഴ്ച,കേൾവി, ചലനശേഷി, പ്രതികരണ ശേഷി സ്വയം തെറ്റുതിരുത്തുവാനുള്ള സംവിധാനം എന്നിവയൊക്കെയുള്ള മൂന്നാം തലമുറ റോബോട്ടുകളാണ് ഇപ്പോൾ വിപണിയിലുള്ളത്.

കൃത്രിമ ബുദ്ധിയുള്ള റോബോട്ടുകളാണ് നാലാം തലമുറയുടെ പ്രത്യേകത. ഈ

തലമുറയുടെ വളർച്ച പൂർണ മാകുന്നതോടെ സിനിമയിലും പുസ്തകങ്ങളിലുമൊക്കെ കാണുന്നതുപോലുള്ളറോബോട്ടുകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാകും.

മനുഷ്യബുദ്ധിയും കൃത്രിമ ബുദ്ധിയും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. അതിലൊന്നാണ് മറവി. എത്ര ബുദ്ധിയുള്ളവരാണെങ്കിലും നാം സ്ഥിരമായിട്ടെടപെടാതിരുന്നാൽ മറന്നു പോകാറുണ്ട് എന്നാൽ കൃത്രിമ ബുദ്ധിയിൽ അതിനു സ്ഥാനമില്ല .താമസിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കുറെ വിവരങ്ങൾ പരസ്പരം ബന്ധിപ്പിച്ചും താരതമ്യപ്പെടുത്തിയുമാണ് പുതിയ നിഗമനങ്ങളിൽ എത്തിച്ചേരുന്നത്.ഇതേ പോലെ ഒരു യന്ത്രത്തെ പ്രോഗ്രാം ചെയ്താൽ ഒരു പരിധി വരെകാര്യങ്ങൾ അത് സ്വയം ചെയ്യും. കമ്പ്യൂട്ടറുകളെ ബുദ്ധിമാന്മാരാക്കുന്നത് നോളജ് എൻജിനീയറിങ് വഴിയാണ്. പ്രത്യേകം തയ്യാറാക്കിയ ചോദ്യങ്ങളിലൂടെ അറിവും ചിന്ത രീതിയും അവയ്ക്ക് കൊടുക്കുന്നത്തോടെ അവ സ്മാർട്ട് ആകുന്നു. ഗവേഷകർ രണ്ടു തരത്തിലാണ് കൃത്രിമ ബുദ്ധി വികസിപ്പിക്കാൻ ശ്രമിക്കുന്നത്.ചിലർ മനുഷ്യ ചിന്തകളെ അതുപോലെ അനുകരിക്കുന്ന യന്ത്രങ്ങൾ ഉണ്ടാക്കാൻ നോക്കുമ്പോൾ മറ്റു ചിലർ ഒരു കൃത്രിമ തലച്ചോർ തന്നെ സൃഷ്ടിക്കാനാണ് നോക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിതാവായി അറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ് പ്രൊഫ .ജോൺ മക്കാർത്തി.റോബോട്ടുകൾക്ക് ബുദ്ധി സാധ്യമാകുമെന്ന ആശയം 1955 ൽ മുന്നോട്ടു വച്ച ഇദ്ദേഹമാണ് മസാച്യുസിറ്റ്സ് യൂണിവേഴ്സിറ്റിയിലെ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ലബോറട്ടറിയും സ്റ്റാൻഫഡ് ഇന്റലിജന്റ്സ് ലാബും സ്ഥാപിച്ചത് .

നാം നമ്മുടെ ജോലിഭാരം കുറക്കാൻ നാം ചെയ്യുന്ന ജോലികൾ യന്ത്രങ്ങളെ ഏൽപ്പിക്കുന്നതിനെയാണ് പറയുന്നത്.എന്നാൽ ഇന്ന് ഓട്ടോമേഷനിൽ പണ്ടുള്ള രീതികൾ മാറി. ഓട്ടോമേഷനിൽ ഇന്ന് യന്ത്രങ്ങൾക്ക് കൃത്രിമ ബുദ്ധി കൂടി നൽകുന്നു.അതായത് ഒറ്റ ജോലി ചെയ്യാൻ കഴിയുന്ന യന്ത്രത്തെ ഒന്നിലധികം ജോലികൾ ചെയ്യാൻ കഴിവുള്ള യന്ത്രമാക്കി മാറ്റുന്നു.

ഇന്ന് കൃത്രിമ ബുദ്ധിയെ മേഖലകളിൽ ഉപയോഗിക്കുന്നു.ആപ്പിൾ ഐ ഫോണിലെ വോയിസ് അസിസ്റ്റന്റായ സിരി ഗൂഗിളിന്റെ വെർച്വൽ അസിസ്റ്റന്റ് ആയ ഗൂഗിൾ അസ്സിസ്റ്റന്റെന്നിവയൊക്കെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് ഉപയോഗിക്കുന്നു. ദുബായിലെ

പ്രയാണം

യന്ത്ര പോലീസായ റോബോകോപ്പും സോഫിയയും പാകിസ്ഥാനിലെ ഹോട്ടൽ വെയിറ്റർമാരായ റാബിയ എന്ന റോബോട്ടും ചൈനയിലെ സുന്ദരി റോബോട്ടായ ജിയാ ജിയായും കൃത്രിമ ബുദ്ധിയുടെ വളർച്ചയുടെ അടയാളങ്ങളാണ്.

കൃത്രിമ ബുദ്ധിയുപയോഗിച്ച തീരുമാനങ്ങളെടുത്ത് മനുഷ്യനെ അടിച്ചമർത്തുന്ന പല സിനിമകളും നമ്മൾ ഹോളിവുഡിൽ കണ്ടിട്ടുണ്ട്.എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രകാരം പ്രവർത്തിക്കുന്ന ആയുധങ്ങളുടെ കാലം വിദൂരമല്ല.

ആർട്ടിഫിഷ്യൽ ഇന്റെല്ലിജാൻസ് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അത് ഉപകാരമാകുമോ ഉപദ്രവമാകുമോ എന്ന് പറയാനാകു എന്ത് എപ്പോൾ ചെയ്യണമെന്ന് തീരുമാനിച്ച് പ്രവർത്തിക്കുന്ന റോബോട്ടുകൾ പല ഭീഷണികളും ഉയർത്തുന്നുണ്ട് . മനുഷ്യ മസ്തിഷ്കത്തിന്റെ വേഗതയും ബുദ്ധിയും ലഭ്യമായാൽ യന്ത്രങ്ങൾ പരസ്പരം ആശയവിനിമയം നടത്തുമെന്നും ലോക നിയന്ത്രണം യന്ത്രങ്ങളുടെ കയ്യിലാകുമെന്നും വിശ്വസിക്കുന്നവരുണ്ട് .ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ['ഭാവിയിൽ മനുഷ്യ രാശിയെ തന്നെ തകർന്നേക്കുമെന്നാണ് വിഖ്യാതനായ സ്റ്റീഫൻ ഹോക്കിങ്സിന്റെയും അഭിപ്രായം .എന്നാൽ ബുദ്ധിമാന്മാരായ റോബോട്ടുകളെ ഉണ്ടാക്കുമ്പോൾ മനുഷ്യനെ നശിപ്പിക്കുവാൻ പോന്ന ഒരനന്തമായ ശക്തി ഒരിക്കലും മെഷീനുകൾക്കു നൽകില്ല എന്ന് വിശ്വസിക്കുന്ന ഗവേഷകരുണ്ട്.നാം എന്തായാലും മനുഷ്യ ജീവിതത്തെ മെച്ചപ്പെടുത്തുവാൻ മാത്രമാണ് കൃത്രിമ ബുദ്ധി പ്രയോജനപ്പെടുത്തേണ്ടത്.

ഇനിയൊരു ലോകമഹായുദ്ധമുണ്ടാവുന്നുവെങ്കിൽ അത് വെള്ളത്തിനായിരിക്കുമെന്നാണ് നാം പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ അത് തിരുത്തേണ്ട സമയമായി. ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റെ വളർച്ചയാണ് ഇപ്പോൾ നമ്മെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.കൃത്രിമ ബുദ്ധിയുപയോഗിച്ച് മനുഷ്യൻ നടത്തുന്ന മത്സരമായിരിക്കും അടുത്ത യുദ്ധത്തിന് കാരണം . ഇത് സ്പേസ് എക്സിന്റെ തവണയേ എലൻ മസ്കിന്റെ അഭിപ്രായം .

നാം നമ്മുടെ കണ്ടു പിടിത്തത്തെ നമുക്കെതിരെ തിരിയാതെ സംരക്ഷിക്കുന്ന മത്സര ബുദ്ധിയോടെ ഉണ്ടാക്കുന്നത് ചിലപ്പോൾ മനുഷ്യ രാശിയെ മുഴുവനായി നശിപ്പിക്കും . അങ്ങനെ വരാതിരിക്കട്ടെ !

കവിത



ഷെറീന എൻ (9 B )

# മരണം



മരണമേ...........ഞാനിതാ
നടന്നടുക്കുന്നു നിന്നിലേക്ക്
ഇനി എന്ന ദൂരമെന്നറിയില്ല
എങ്കിലും ഒടുവിൽ ഞാൻ
എന്നിലേക്ക് എത്തുമെന്ന
ഉറപ്പുള്ള ഒരു യാത്ര
ഇതു മാത്രമാണ്

നിന്റെ നിറമെനിക്കറിയില്ല
നിന്റെ മതമെനിക്കറിയില്ല !
എന്നിട്ടും ഞാൻ നിന്നെ
പുണരാൻ വരുന്നു .


മോഹിച്ചതൊക്കെയും നോവായി
മാറിയൊരീ ലോകത്തിൽ നിന്നും
മോഹിക്കാൻ ഒന്നുമില്ലാത്ത
നിന്നിലേക്ക് ഞാനിതാ
നടന്നടുക്കുന്നു ........................

കഥ



അതിൻ കൃഷ്ണ

# കിച്ചുവും റിച്ചുവും



ഭിക്കണ്ണന്റെ വീടിന്റെ മുകൾ നിലയിലെ രണ്ടു മുറികളിലാണ് കിച്ചുവും റിച്ചുവും വാടകയ്ക്ക് താമസിക്കുന്നത് . രാത്രിയായാൽ കിച്ചു അവന്റെ മുറിയിലിരുന്ന് പാട്ട് പാടും .റിച്ചു അവന്റെ മുറിയിലിരുന്ന് ഡ്രം വായിക്കും. ഈ ശബ്ദം കാരണം ഭിക്കണ്ണന് ഉറങ്ങാൻ പറ്റാതായി .ഒരു ദിവസം ഭിക്കണ്ണൻ രണ്ടുപേരെയും വിളിച്ചു പറഞ്ഞു ."ഇതാ ആയിരം രൂപയുണ്ട് .ഇനി പട്ടു പാടണമെന്നോ ഡ്രം വായിക്കണമെന്നോ തോന്നുമ്പോൾ സ്വന്തം മുറിയിൽ നിന്നും മാറി മറ്റെവിടെയെങ്കിലും പോകുക".

ഇരുവരും സമ്മതിച്ചു .ഹാവൂ ഭിക്കണ്ണന് സമാധാനമായി. പക്ഷെ രാത്രി വീണ്ടും അതാ മുകളിൽ നിന്നും ശബ്ദം. ഭിക്കണ്ണൻ ദേഷ്യത്തോടെ അങ്ങോട്ട് ചെന്നു .ശബ്ദമുണ്ടാക്കുന്നെങ്കിൽ മുറിയിൽ ഇരുന്നാ ശബ്ദമുണ്ടാക്കിയത്.അത് കേട്ട് ഭിക്കണ്ണൻ കണ്ണ് തള്ളി

.

കഥ



ഹലീമ.എസ്
9 ബി

# ബുദ്ധിമാനായ ആട്



നാട്ടിൻ പുറത്ത് താമസിച്ചിരുന്ന ഒരു ആട് ഒരിക്കൽ വഴി തെറ്റി കാട്ടിൽ അകപ്പെട്ടു . കാട്ടിൽ ആരെയും ആട് കണ്ടില്ല . അങ്ങനെ ആടിന് ആ കാട് വളരെയധികം ഇഷ്ട്ടമായി . പച്ചപ്പനിറഞ്ഞ ആ കാട് കണ്ടപ്പോൾ ആട് പറഞ്ഞു എത്രയും നല്ല പച്ചപ്പനിറഞ്ഞ ഈ കാട് കാണുമ്പോഴാണോ മനുഷ്യർ കാട് കാട് എന്ന് പറഞ്ഞു നമ്മളെ ഭയപ്പെടുത്തുന്നത് . എത്രയും പറഞ്ഞുകൊണ്ട് ആട് മുന്നോട്ടുനടന്നു . പെട്ടന്ന് ഒരു ഗുഹ തന്റെ ദൃഷ്ടിയിൽപ്പെട്ടു . ആടിന് ക്ഷീണംതോന്നി ആ ഗുഹയിൽ കയറിയിരുന്നു .അതൊരു മണ്ടൻ സിംഹത്തിന്റെ ഗുഹയായിരുന്നു . കുറച്ചുസമയം കഴിഞ്ഞപ്പോൾ ഗുഹയുടെ ഉടമസസ്ഥനായ

സിംഹംവന്നു . പെട്ടന്നുസിംഹം തന്റെ ഗുഹയുടെ വെളിയിൽ ഒരു കാൽപ്പാട് കണ്ടു . സിംഹം പിന്നോട്ട് മാറിയിട്ട് ഉറക്കെ ചോദിച്ചു . ആരാണ് എന്റെ ഗുഹയിൽ ?
അങ്ങനെ ബുദ്ധിമാനായ ആട് ഉറക്കെപറഞ്ഞു ഞാനാണ് ഈ കാട്ടിലെ ചക്രവർത്തി . ഞാനാരെന്ന് ചോദിക്കാൻ നീയാരാടാ ? ആട് ചോദിച്ചു . ഇത് കേട്ടുടനെ സിംഹം നിലവിളിച്ചുടാൻതുടങ്ങി . ഇതെല്ലാം കണ്ടുകൊണ്ടു ഒരു കുറുക്കൻ അവിടെ നില്പ്പുണ്ടായിരുന്നു . സിംഹം ഓടി കുറുക്കന്റെ അടുത്ത് ചെന്നു . കുറുക്കൻ സിംഹത്തിനോട് പറഞ്ഞു താങ്കൾ രാജാവല്ലേ ? പിന്നെ എന്തിനാണ് പേടിച്ചോടുന്നത് ? അങ്ങനെ സിംഹം പറഞ്ഞു രാജാവ് എന്തിനാണ് ഒരു ചെറിയ മൃഗത്തെഇങ്ങനെ ഭയക്കുന്നത് ? . വരൂ നമുക്ക് പോയി നോക്കാം . അങ്ങനെ രാജാവ് പറഞ്ഞു ഞാൻ വരില്ല അവൻ ചക്രവർത്തിയാണ് , അവൻ നമ്മളെ ഭക്ഷിക്കും . കുറുക്കൻ രാജാവിനോട് പറഞ്ഞു താങ്കളുടെ വാൽ എന്റെ വാലിൽ കൂട്ടികെട്ടിക്കോ . തിന്നുന്നതിൽ ആദ്യം എന്നെ ഭക്ഷിക്കട്ടെ . അങ്ങനെ അവർ ഗുഹയുടെ അടുത്ത് ചെന്നു . ബുദ്ധിമാനായ ആട് പറഞ്ഞു ഹാ ! നീ ഞാൻ പറഞ്ഞതുപോലെ സിംഹത്തിന്റെ കൊണ്ടുവന്നല്ലോ , ഇത് കേട്ടയുടൻ സിംഹം തന്റെ വാൽ കെട്ടിയതു നോക്കാതെ , കുറുക്കനേയും നോക്കാതെ ഓടി രക്ഷപെട്ടു .

# കവിത



അമീൻ മുഹമ്മദ്
9 E

## വിശപ്പ്



കറികണ്ടപ്പോളോകാനം
ചൂട്ചാറിൽവിലങ്ങനെ
കാല് നീട്ടികിടക്കുന്നു
ദേഹമില്ലായിമ
കടികൊള്ളും മുൻപേ
പുൽമേട്ടിലെ
പുല്ലാംകുഴൽ പോലുള്ള

## പ്രയാണം

കിളുന്തെൽ
ശബ്ദനാഡിയിലൂടക്കുന്നു
കണ്ണുങ്ങിനെയങ്കിലും
നീരിനിറയുന്നു
ചെകിടിൽപ്പെട്ട കടുകിൻ
മനപൊട്ടൽ രുചി
ആട്ടുകുളമ്പിനറ്റത്ത്
വരുത്തരച്ചതിൽ തെറ്റി
വീണ ജീവന്റെ ഒത്തുകിടപ്പ്
വായിലെ കടലിൽ
കപ്പലിൽ കടത്തപെട്ടും
കുഞ്ഞാടിന്റെ കണ്ണേ ;
പാലിലും രുചി ചോരയ്ക്കോ ?
വിശപ്പിനെ ഞെക്കികൊന്നു
മട്ടൻ കാടായി മുന്നിൽ ,
സ്നേഹ നെരുപ്പോടിന്റെ
പുകരുചി വെന്ത മാംസത്തിൽ
എന്റെ കുഞ്ഞാടെ , യെ
ന്നുള്ളു കാണുമ്പോൾ
തൊഴുത്തിലെകട്ടിവരക്കോ -
ണ്ടമ്മെ , യമ്മെ എഴുതുന്നു .
കാടായിൽ നി
ന്നൊറ്റകാലു പോകുന്നത്
പാപഭാരോധ്യഹനം ,
വിശപ്പേനിക്കില്ലന്നു
ഭിത്തിമേലിടയന്റെ ചിരി !

അദീബ സലാം
ഷഫ്ന എം
വൈഷ്ണവി എ
സ്മൃതി ഹരിദാസ്

# കൊല്ലാം , പക്ഷേ തോൽപ്പിക്കാനാവില്ല..........



ക്യൂബയുടേയും ബൊളിവീയയുടെയും വിപ്ലവനായകൻ ഇന്നും ലോകമാസകലമുള്ള തലമുറയുടെ ആവേശവും അരാഷ്ട്രീയനങ്ങളോട് പോരാടാനുള്ള പ്രചോദനമായ ചെഗുവേര , നമ്മുടെ 'ചെ ' അതെ പഠിക്കുക, പോരാടുക എന്ന് നമ്മെ പഠിപ്പിച്ച നമ്മുടെ വിപ്ലവനായകൻ ഏണസ്റ്റ് ചെഗുവേര സിലസെർന്ന എന്ന പൂർണ്ണനാമമുള്ള ചെഗുവേര 1928 ൽ അർജന്റീനയിൽ ജനിച്ചു . 1953 ൽ വൈദ്യപഠനം പൂർത്തിയാക്കിയ 'ചെ ' വിപ്ലവത്തിന്റെ പാതയിലേക് വന്നതിൽ അത്ഭുതപ്പെടേണ്ട കാര്യമൊന്നുമില്ല . " ഉള്ളവനും ഇല്ലാത്തവനും " എന്ന സാമൂഹിക വ്യവസ്ഥിതി വാർത്തെടുത്ത മഹാവിപത്തിനെ ഇല്ലാതാക്കാൻ താൻ നേടിയെടുത്ത വൈദ്യശാസ്ത്ര ബിരുദം മതിയാകില്ലന്ന് തിരിച്ചറിഞ്ഞ 'ചെ ' സ്റ്റെതസ്കോപ്പ് വലിച്ചെറിഞ്ഞു , പകരം തോക്കെടുത്തു. സമൂഹ മാറ്റത്തിന് സായുധവിപ്ലവം മാത്രമാണ് പരിഹാരമന്ന് തിരിച്ചറിഞ്ഞ 'ചെ ' അത് പ്രാവർത്തികമാക്കുകയും അതിന്റെ മുന്നണി പോരാളിയാവുകയും ചെയ്തു . അനീതികൾക്കെതിരെ പ്രതികരിക്കുകയും , ഒട്ടും കലർപ്പില്ലാത്ത

രാഷ്ട്രീയ ജീവിതരീതിയുമായിരുന്നു , യുവത്വത്തെ അദ്ദേഹത്തോട് അടുപ്പിക്കാനുള്ള മുഖ്യകാരണം .

കാലധൗത്യം ഏറ്റെടുത്ത മനുഷ്യൻ നടത്തുന്ന ഒത്തുതീർപ്പില്ലാത്ത പോരാട്ടത്തിൽ ഒഴുകിവീണ ചോരകൊണ്ടാണ് ചരിത്രം രചിക്കപെടുന്നത് . ചരിത്രത്തിന്റെ വഴിയോരങ്ങളിൽ മോചന പോരാട്ടത്തിലെ പങ്കാളിത്തം സ്വന്തം രക്തം കൊണ്ട് സാക്ഷ്യ പെടുത്തുന്നവനാണ് രക്തസാക്ഷിയെന്ന് അദ്ദേഹം തെളിയിച്ചു . ബൊളീവിയയിലെ ഒളിപ്പോർ പ്രസ്ഥാനം 'ചെ 'യുടെ നേതൃത്വത്തിൽ കരുത്താർജിക്കുന്നതറിഞ്ഞ ഭരണവർഗം , പോരാളികൾ അഭയം തേടിയിരുന്ന " ഹിഗ്വപേരാസ് " എന്ന ചെറുപട്ടണം വളഞ്ഞു . ചെറുത്തുനിൽപ്പിന്റെ അവസാന നിമിഷങ്ങൾ 1967 ഒക്ടോബർ 9 ന് ആ മഹാനായ ബൊളീവിയൻ വിപ്ലവകാരിയെ ബൂർഷ്വാഭരണകൂടത്തിന്റെ പട്ടാളക്കാർ വെടിവെച്ചുകൊന്നു . അധികാരവർക്കത്തിന് 'ചെ 'കൊല്ലാൻ കഴിഞ്ഞു ,പക്ഷെ തോല്പിക്കാനായില്ല 'ചെ 'യുടെ ലാറ്റിൻ അമേരിക്കൻ മണ്ണിൽ വീഴ്ത്താൻ കഴിഞ്ഞവർക്ക് ആ മണ്ണിൽനിന്നും തളിർക്കുന്ന പുതുനാമ്പുകളെ കുറിച്ചോർക്കാൻ കഴിഞ്ഞില്ല .'ചെ 'എന്നും സമത്വം കാംഷിക്കുന്ന ഓരോ മനുഷ്യനും പ്രചോദനമായി 2019 ൽ അമ്പത്തിരണ്ടാം ചരമവാർഷികത്തിലും രക്തം കൊണ്ട് ഇതിഹാസം രചിച്ചു . പൊരുതി വീഴുമ്പോഴും നിരനെഞ്ചുകാട്ടിയ , ജീവിതം ഭൂമിക്ക് ബലികൊടുത്ത് , ഇനിയും ചെയ്തുതീർക്കാൻ ഒരുപാട് കാര്യങ്ങൾ ഞങ്ങളെ ഏൽപ്പിച്ചുപോയ ചെഗുവേര , നീ നിന്റെ ബലികുടീരത്തിൽ ഉറങ്ങുമ്പോഴും നിന്റെ സ്മരണകൾ ഞങ്ങളിലൂടെ ഉണർന്നിരിക്കും .

നീയും നിന്റെ പോരാട്ടങ്ങളും അനശ്വരമായി നിലകൊള്ളുക തന്നെ ചെയ്യും .....................നിന്റെ കയ്യിൽ നിന്നും തെറിച്ചുവീണ ആയുധം ഏറ്റെടുക്കാൻ ആയിരം കരങ്ങൾ നീണ്ടുവരുന്നത് നിന്റെ പോരാട്ട വീര്യം മരിച്ചിട്ടില്ല എന്നതിന്റെ തെളിവാണ് . ഇല്ല ഞങ്ങൾ ഉള്ളിടത്തോളം നിനക്ക് മരണമില്ല ............................ ....................

POEM



Muhammed Aslam,9 A

# ANGEL MOTHER



Mother you're the angel.
Who brought me into being and watched over me
You guided me , sheltered me
repaired and restored me
when I was lost ,

You focused attention and unconditional love
lifted me and showed me the way .
I give you the credit

for the best parts of who I am today
I don't have words of gifts,
Or anything that's worth enough
to let you know

What having you in my life has meant to me
HAPPY MOTHERS DAY,MOM
I LOVE YOU with all my heart...............................

കവിത



# യാത്ര

വൈഷ്ണവി . എ
9 E



ഒരു കൊച്ചു തോണിയായി ,അലതല്ലും
കടലിലൂടൊഴുകുന്നിതെൻ ബാല്യകാല സ്മൃതി
അലറുന്ന തിരകളെ ഭേദിച്ചു
കൊണ്ടവയെത്തുന്ന കൂരിരുൾ തീരങ്ങളിൽ
എന്നെയും തേടി പതുങ്ങി നില്ക്കുന്നതാരോ

കാലമോ അതെൻ ഭാവിജീവിതമോ
അറിയില്ലെനിക്കൊന്നുമറിയില്ല
ഹൃദയത്തിൽ തേങ്ങലുകൾ ഉയരുന്നുവോ
എൻ ജീവിതം ശൂന്യമായി തീരുന്നുവോ ?

കഥ

# കരയുന്ന മുത്തശ്ശി





AMEEN MUHAMMED
9E

ഒരിടത്തു ഒരു മുത്തശ്ശി ഉണ്ടായിരുന്നു .അവർക്ക് രണ്ട് പെണ്മക്കൾ ഉണ്ടായിരുന്നു .ഒരു മോളുടെ ഭർത്താവിന്റെ ജോലി ജാക്കറ്റ് വില്പനയായിരുന്നു .ആ മുത്തശ്ശി എന്നും മക്കളുടെ

കാര്യമോർത്തു വിഷമിക്കുമായിരുന്നു .അങ്ങനെ ഒരു നാൾ മുത്തശ്ശി കരയുന്നത് കണ്ട് ഒരു യാത്രക്കാരൻ എന്തിനാണ് മുത്തശ്ശി കരയുന്നതെന്ന് ചോദിച്ചു അപ്പോൾ മുത്തശ്ശി പറഞ്ഞു എന്റെ ഒന്നാമത്തെ മോളുടെ ഭർത്താവ് വേനൽ കാലത്താണ് റൊട്ടി ഉണ്ടാകുന്നത് എന്നാൽ ഇപ്പോൾ മഴക്കാലമാണ് അത് കൊണ്ട് എന്റെ മോൾ വളരെ വിഷമത്തിലായിരിക്കും ,എന്റെ രണ്ടാമത്തെ മോളുടെ ഭർത്താവിന്റെ ജോലി ജാക്കറ്റ് വിൽപ്പനയാണ് .

പക്ഷെ വേനൽകാലമായാൽ ആരും ജാക്കറ്റ് വാങ്ങില്ല .അതുകൊണ്ടു വേനൽക്കാലത്തു അവർക്ക് വളരെ വിഷമത്തിലായിരിക്കും അത് കൊണ്ടാണ് ഞാൻ വേനൽ കാലത്തും മഴക്കാലത്തും കരയുന്നത് .അത് മനസ്സിലാക്കിയ യാത്രക്കാരൻ മുത്തശ്ശിക്കൊരു ഉപായം പറഞ്ഞു കൊടുത്തു .വേനൽക്കാലത്തു റൊട്ടി ഉണ്ടാകുന്ന മോളെയേയും മഴ കാലത്തു ജാക്കറ്റ് വിൽക്കുന്ന മോളെയും ഓർക്കണം .

കവിത



# എന്റെ കൂട്ടുകാരി

സ്മൃതി ഹരിദാസ്
9 ഇ



കാറ്റിന്റെ മന്ത്രണം ജനലഴിയിൽ ചേരുന്ന നേരം
ഇടനാഴിയിൽ ഇടറുന്നൊരു കാലൊച്ച കേൾക്കുന്നുവല്ലോ
ചിതലരിച്ച ഓർമ്മകൾ ചിതലരിക്കാതെ
പഴയഒരുകുടകീഴിൽ എൻ കൂട്ടുകാരി

അവളുടെ മൗനത്തിന്റെ അലകളല്ലേ
തേങ്ങുമെൻ ഓർമകളുടെ കുലുസുകൾ ഇളകും നേരം
ഹൃദയത്തിൻ താളുകളിൽ ചേർന്നൊരു കാവ്യം
കരയാൻ വിതുമ്പും ഈ കണ്ണിനെ പുഞ്ചിരി
തൂകാൻ കൊതിപ്പിച്ചതും അവൾ
എന്റെ വാൽകണ്ണാടിയിൽ മറയാതെ മങ്ങാതെ
തെളിയുന്ന മായചിത്രം അവൾ
ഉരുകുമെൻ ഹൃദയത്തിനാഴത്തിനുള്ളിൽ

ഈണവും താളവും സംഗീതവും
ഇടമുറിയാതെ പെയ്യൊരു മഴ എന്റെ
ഹൃദയത്തിലേക്ക് ഇറങ്ങിയല്ലോ
വെയിലേറ്റുവാടികിടന്നൊരു ഓർമ്മകൾ
കുളിരേട്ടുണരുവാൻ വേണ്ടിയല്ലോ
ഇനി എന്റെ സ്നേഹവും ഇനി എന്റെ സ്വർഗ്ഗവും
നിനക്കായി മാത്രം അതെ ,
നിനക്കായി ഞാൻ മാത്രം ........................................



കഥ

തസ്നി എ
9B

# കുറുക്കനും കീരിയും



ഒരിടത്തു രണ്ടു കുറുക്കന്മാരുണ്ടായിരുന്നു .അവർ ഇണകളായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കുറുക്കന്റെ ഭാര്യക്ക് മീൻ തിന്നാൻ കൊതിയായി .ഭാര്യ പറഞ്ഞു ; കുറുക്കാ തോട്ടിൽ പോയി മീൻ പിടിക്കു .ഭാര്യയുടെ വാക്ക് ധിക്കരിക്കാതെ കുറുക്കൻ മീൻ പിടിക്കാൻ പോയി പക്ഷെ കുറുക്കന് തോട്ടിൽ ഇറങ്ങാൻ പേടിയായിരുന്നു .അങ്ങനെ തോട്ടിൻ കരയിൽ ഇരിക്കുന്ന നേരം രണ്ടു കീരികൾ മീനും കയ്യിൽ വച്ച് അടി കൂടുന്നത് കണ്ടു .ഒരു കീരി പറഞ്ഞു ;എനിക്കെ തല വേണമെന്നും മറ്റൊരു കീരി പറഞ്ഞു ;വാല് വേണമെന്നും .ഇത് കണ്ടു നിന്ന കുറുക്കന് ഒരുബുദ്ധി തോന്നി .അങ്ങനെ കുറുക്കൻ കീരികളുടെ അടുത്തെത്തി .കുറുക്കൻ കീരികളോട് പറഞ്ഞു നിങ്ങളുടെ പ്രശ്നം ഞാൻ പരിഹരിക്കാം .കുറുക്കൻ പറഞ്ഞു ഈ മീൻ മുറിക്കാനുള്ള കത്തി ഞാൻ എടുത്തു കൊണ്ട് വരാം .അങ്ങനെ കുറുക്കൻ കത്തി എടുത്തു കൊണ്ട് വന്നു .മീനെ മൂന്നായി മുറിച്ചു .തല ഒരു കീരിക്കും വാല് മറ്റൊരു കീരിക്കും കൊടുത്തു .മീനിന്റെ നടുത്തുണ്ടം കുറുക്കനും എടുത്തു .നടുത്തുണ്ടവും കൊണ്ട് കുറുക്കൻ നടന്നു .മീൻ വീതിക്കാൻ കൊടുത്ത കീരികൾ മണ്ടരായി ...

കഥ

# കൃഷിക്കാരനും കുറുക്കനും





Vaishnavi. A
9F

ഒരിടത്തൊരിടത്തു ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരൻ താമസിച്ചിരുന്നു.അയാൾക്ക് സ്വന്തമായി ഗോതമ്പു പാടം ഉണ്ടായിരുന്നു .കൃഷിക്കാരൻ കുറെ കോഴികളേയും വളർത്തിയിരുന്നു .പക്ഷെ ഒരു കുറുക്കൻ ഇടക്കിടെ വന്നു കോഴികളെ പിടികൂടും. ഒരു ദിവസം കൃഷിക്കാരൻ കുറുക്കനെ പിടിക്കാൻ വല ഒരുക്കി .വലയിൽ കുറുക്കൻ കുടുങ്ങുകയും ചെയ്തു !"ഹും "!കുറെ കാലമായി നീ എന്നെ പറ്റിക്കുകയായിരുന്നു ."നിന്നെ ഇന്ന് ഞാൻ ശരിയാക്കും ".കൃഷിക്കാരൻ പറഞ്ഞു .കൃഷിക്കാരൻ ഒരു തുണിയിൽ കുറേ എണ്ണ മുക്കി കുറുക്കന്റെ വാലിൽ ചുറ്റി . എന്നിട്ടു തീ കൊളുത്തി "കൂയ് "!കുറുക്കൻ കരഞ്ഞു കൊണ്ട് ഓടി .ഇതു കണ്ടു കൃഷിക്കാരൻ പൊട്ടി ചിരിച്ചു .പക്ഷെ അവൻ നേരെ ഓടിയത് കൊയ്യാറായ ഗോതമ്പു പാടത്തേക്കാണ് .ഗോതമ്പു പാടത്തിനു തീ പിടിച്ചു .തീ പടർന്നു ഗോതമ്പു പാടം കത്തി നശിച്ചു."ആലോചിക്കാതെ മണ്ടത്തരം കാണിച്ചതാണ് കുഴപ്പമായാതെ "കൃഷിക്കാരൻ സങ്കടപ്പെട്ടു

ഇരുന്നു .

**poem**

# Mathematics in life



shafna .m
9 E



Add noble qualities
substract evil habit
divide what we have as sorrows
rootout dowry and castes
equate men and women in a society
eliminate untouchability
maximise your knowledge
with god as centre
and love as radius
draw the CIRCLE of your life



# कविता

## पतंग

अंशाद एन
9 इ




कागज़ की पतंग बनाई
रेशम बाँधी डोर
हवा का इक चॉकॅ आया
ले गई हाथ से लोड

ലേഖനം



# ശ്രേഷ്ഠ ഭാഷയുടെ നെറുകയിൽ മലയാളം

നൂറ എൻ ഖാൻ
9 എഫ്




ശ്രേഷ്ഠ ഭാഷയുടെ അംഗീകാരം മലയാളത്തിന് ചാർത്തി കൊടുക്കുന്നത് ഒരു സുവർണ്ണ കിരീടമാണ് .ശ്രേഷ്ഠ ഭാഷ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം .1500 വർഷത്തെ പഴക്കം മലയാളത്തിന് അവകാശപ്പെടുവാൻ സാധിക്കുകയില്ല എന്ന് പറഞ്ഞു ഈ നോട്ടീസിന് തടസ്സം നിന്നിരുന്നവർക്ക് നേരേ 2000 വര്ഷം പഴമ എടുത്തു കാട്ടിയായിരുന്നു കൈരളി ഈ പദവി നേടിയത് .അശോകന്റെ ശിലാശാസനയിൽ കേരളം എന്ന പദം പ്രയോഗിച്ചു കാണുന്നുണ്ട് എന്നും സംഘകാലകൃതികളിൽ ഏകദേശം 40 % പദങ്ങൾ മലയാളമാണെന്നും തെളിയിച്ചുകൊണ്ടാണ് ഈ പൊൻതൂവൽ മലയാളികളെയെയും മലയാളത്തെയും

തേടിയെത്തിയത് .എടക്കൽ ഗുഹയിലെ ശിലാശിഖിതങ്ങളും മലയാളത്തിന്റെ പഴമയെ സംബന്ധിച്ച വാദത്തിനെ മാറ്റ് കൂട്ടുന്നവയാണ് .ശ്രേഷ്ഠ ഭാഷ പദവി നമ്മുടെ സംസ്കൃതിയെ തന്നെയാണ് ഉയർത്തിക്കാട്ടുന്നത് .പ്രമുഖ ദ്രാവിഡ ഭാഷകളിൽ മലയാളത്തെ മാത്രം തമിഴിന്റെ ഉപഭാഷയാണെന്നു മുദ്ര കുത്തി പടിക്കു പുറത്തിരുത്തിയിരുന്ന കാലമുണ്ടായിരുന്നു .മറ്റു മൂന്നു ദ്രാവിഡഭാഷകൾക്കും ശ്രേഷ്ഠ ഭാഷ പദവി നൽകി ആദരിക്കുകയും അതിനനുസരിച്ചുള്ള സഹായ സൗകര്യങ്ങൾ നല്കിയപ്പോഴും ഓരോ മലയാളിയുടെയും മനസ്സിന് മുറിവേറ്റിരുന്നു .

ഈ ശ്രേഷ്ഠഭാഷാ അംഗീകാരം ഭാഷാപിതാവിന്റെ മണ്ണിൽ ഒരുമലയാളസർവകലാശാല സ്ഥാപിച്ചതുകൊണ്ടോ ,കേരളാപിറവിദിനത്തോടനുബന്ധിച്ചുള്ള ആഘോഷപരിപാടികളിലോ ഒതുങ്ങി നിൽക്കേണ്ടതല്ല .നമ്മുടെ മാതൃഭാഷയുടെ വളർച്ചയും വികാസവും ഒരു മലയാളിയുടെയും കർത്തവ്യമാണ് .ഇന്നു പല മേഖലകളിലും മലയാളം അവഗണന അനുഭവിക്കുന്നുണ്ട് .ഓരൊരുവന് ഏറ്റവും വേഗത്തിൽ ചിന്ടിക്കുവാനും ആശയങ്ങൾ ഗ്രഹിക്കുവാനും വിനിമയം ചെയ്യുവാനും കഴിയുന്നത് അവന്റെ മാതൃഭാഷയിലൂടെയാണ് അതെ അവന്റെ അമ്മയാണ് .നമ്മുടെ മണ്ണിൽ നിന്നും മലയാളത്തിന്റെ മണം പോയാൽ നഷ്ടമാകുന്നത് ഒരു ജനതയും സംസ്കാരവുമാണ് .അതിനാൽ ശ്രേഷ്ഠ ഭാഷ പദവിയുടെ കൊടുമുടിയിൽ നിൽക്കുന്ന നമ്മുടെ 'അമ്മ മലയാളത്തെ സഹ്യനോടൊപ്പം വളർത്തുക

കവിത

# അണ്ണാനോട്

ശ്രീനന്ദ പി ജി
8 സി



പറയൂ ,പറയൂ ,മാവിന്കൊമ്പിലെ
മാങ്ങകളെവിടെ എന്റെ അണ്ണാനെ
ആ മാങ്ങകളല്ലേ ഇന്നലെ
കാക്കകൾ കൊത്തിനിന്നത്
പറയൂ ,പറയൂ ,മാങ്ങകൾ തിന്നൊരു
കാകളെവിടെ എന്റെ അണ്ണാനെ
ആ കാക്കകളല്ലേ ആലിൻ കൊമ്പിലിരുന്നത്
പറയൂ പറയൂ കാക്കായിരുന്നൊരു
ആലെവിടെന്റെ അണ്ണാനെ
ആ ആലിൻറെയല്ലേ ഇന്നലെ
ആരോ വെട്ടിമുറിച്ചതു
പറയൂ ,പറയൂ ,ആലിനെ വെട്ടിയ

വെൺ മഴ എവിടെയെന്റെ അണ്ണാനെ
ആ വെണ്മഴവല്ലേ ഇന്നലെ
കാട്ടിൽ വെച്ചു മറന്നത്
പറയൂ ,പറയൂ ,വെൺമഴവെച്ചോരു
കാടെവിടെന്റെ അണ്ണാനെ
ആ കാടിനെയല്ലേ ഇന്നലെ
തീയിട്ടാരോ കരിച്ചതു
പറയൂ ,പറയൂ.................................

കവിത

വിസ്മയ പി നായർ

8C

# ബുദ്ധമയൂരി



വർണ്ണനൂലുകളാൽ നെയ്തെടുത്ത ചിത്രങ്ങൾ
ചിറകിൽ പതിപ്പിച്ച ദേവതയേ ........
മയിലോ മയിൽപ്പീലിയോ നിനക്കായി
രാവിന്റെ സംഗീതം മീട്ടിടുന്നു
മുല്ലയോ ,ആമ്പലോ ചെമ്പനീർപ്പൂവോ
ഇന്നു നിൻ സ്പർശത്തിലാർദ്രമായി
രാവിന്റെ വെള്ളിനിലാവെന്നപോലെ
പൂവിൽ നിറയുന്ന മധുവെന്ന പോലെ
വർണാഭമാകുമീ പൂവാടിത്തൻ
റാണിയായി നീ ഇന്നും വാഴിടുന്നു

കഥ



അനില സതീഷ് ,9B

# സ്നേഹസ്പർശം



ഒരിടത്തൊരു കാടുണ്ടായിരുന്നു .ആ കാട്ടിൽ നിറയെ മുയലുകളും മാനുകളും ആനകളും പക്ഷികളും പൂക്കളും ഉണ്ടായിരുന്നു .അവിടം സന്തോഷം നിറഞ്ഞതായിരുന്നു .എല്ലാവരും പരസ്പരം സ്നേഹിച്ചും കൂട്ടുകൂടിയും ജീവിച്ചു .അവിടെ

## പ്രയാണം

നല്ലവനായ സിംഹം ഉണ്ടായിരുന്നു .ആ സിംഹം  കാട്ടിലെ രാജാവായിരുന്നു .മറ്റുള്ളവർ സിംഹം പറയുന്നത് സന്തോഷപൂർവം അനുസച്ചിരുന്നു .അങ്ങനെ ഇരിക്കെ സിംഹത്തിന് അസുഖം വന്നു കിടപ്പിലായി .മറ്റുള്ളവരെല്ലാം സിംഹത്തിനെ നല്ലതു പോലെ പരിചരിക്കുകയും ചെയ്തു .ദിവസങ്ങൾ കഴിഞ്ഞു പോയി ..........സിംഹം മരിച്ചു .എല്ലാവർക്കും സങ്കടമായി .എല്ലാവരും കരഞ്ഞു .നാളുകൾ കഴിഞ്ഞു പോകെ അവിടത്തെ സന്തോഷവും സമാധാനവും നഷ്ട്ടപെട്ടു തുടങ്ങി .മൃഗങ്ങൾ മറ്റുള്ളവരെ ഉപദ്രവിക്കാനും ,അവയെ ഭക്ഷിക്കാനും തുടങ്ങി .

ഒരിക്കൽ അതുവഴി വന്ന ഒരു മൂങ്ങ ഇവർ പരസ്പരം കലഹിക്കുന്നതും കണ്ടു ഒരു പ്രായം ചെന്ന പരുന്തും ആ കാഴ്ച കണ്ടു .അവിടെ ഒരു മരത്തിൽ ഇരിപ്പുണ്ടായിരുന്നു .മൂങ്ങ പതുക്കെ പരുന്തിരുന്ന ചില്ലയിൽ ചെന്നിരുന്നു .അവർ പരസ്പരം സംസാരിച്ചു .പരുന്തു മൂങ്ങയോട് കാടിന്റെ കഴിഞ്ഞുകഥ  പോയ സമാധാനത്തെ പറ്റിയും മൃഗങ്ങളും പക്ഷികളും തമ്മിലുണ്ടായിരുന്ന സൗഹൃദത്തെ പറ്റിയും പറഞ്ഞു കൊടുത്തു .മൂങ്ങ എല്ലാം കേട്ടതിനു ശേഷം പരുന്തിനോടെ പറഞ്ഞു .!'നമുക്ക് ഇവരോട് സംസാരിച്ചു നോക്കാം .അവർ തമ്മിലുള്ള സൗഹൃദം നമുക്ക് വീണ്ടെടുത്ത് കൊടുക്കാൻ ശ്രമിക്കാം .'പരുന്തും ശരി വെച്ചു .അങ്ങനെ അവർ മറ്റുള്ള മൃഗങ്ങളോട് സമാധാനമായി സംസാരിച്ചു .പണ്ട് സിംഹം ഉണ്ടായിരുന്നപ്പോൾ ഉള്ള കാടിന്റെ സമാധാനത്തെ കുറിച്ചും പരസ്പരം സൗഹൃദത്തിൽ കഴിഞ്ഞ കാലത്തെ പറ്റിയും പറഞ്ഞു കൊടുത്തു .എല്ലാം കേട്ട് കഴിഞ്ഞപ്പോൾ എല്ലാ മൃഗങ്ങൾക്കും അത് ശരിയാണെന്നു തോന്നി .അവർ വീണ്ടും സ്നേഹത്തോടെയും സമാധാനത്തോട് കൂടിയും ആ കാട്ടിൽ സമാധാനമായി ജീവിച്ചു

കവിത

# തണൽ തേടി

വിസ്മയ പി നായർ
8 സി



അലയുന്നു ഞാൻ ഇതാ തണൽ തേടി
ഭൂമിയിതുപലതാകും ഒരു കോണിലെത്തി
ഇടതൂർന്ന ഹരിതമരശികരങ്ങളെ തരു
നിന്റെ ഈ ചെറുതണൽ എനിക്കായി
പല കാഴ്ചകൾ കണ്ടൊന്നാസ്വദിച്ചീട്ടുവാൻ
എല്ലാം മറന്നൊന്നു വിശ്രമിച്ചീട്ടുവാൻ
അസ്തമയസന്ധ്യയും കൂടണയും പക്ഷികളെയെയും
ഞാൻ കാണുന്നിതാ നിൻ തണലേറ്റു മയങ്ങുമ്പോൾ
സൂര്യരശ്മികൾ നിന്റെ ഇലകളെ തലോടുമ്പോൾ
നിഴലായി അതുപൊഴിയുന്നു താഴേക്ക്
തണലാസ്വദിക്കും പുല്ലുകിടിലായി
പച്ചപ്പിലാകെ ചാഞ്ഞൊന്നുകിടന്നുഞാൻ
എന്റെ ഓർമ്മകൾ മയങ്ങുമീ ചെറുമഴച്ചോട്ടിൽ
അലയുന്നു ഞാനിതാ ഒരു തണൽ തേടി
ഭൂമി ഇതു പലതാകുമൊരു കോണിലെത്തി

കവിത



Arya.J
9E

# പൂമ്പാറ്റ



വർണ്ണാഡംബര ആലകൾ ചൂടി
പാറി നടക്കും പൂമ്പാറ്റേ ചങ്ങാതി !
നിന്നുടെ കൈയിലെ മനോഹര -
വസ്ത്രം എനിക്ക് നീ നൽകാമോ !
പൂക്കൾതോറും പാറി നടന്നു
മധു നുകരും പൂമ്പാറ്റേ !
പകരുമോ നീ എനിക്ക് ഇത്തിരി തേൻ
എൻ ഉണ്ണിയുടെ
ഉണ്ണികുംഭം നിറക്കാനായി !

ലേഖനം



അൻവർ ഷാ എസ് , 9E

# സുന്ദരിയുടെ അഹങ്കാരം



ഒരു കുളത്തിൽ ഒരു സുന്ദരിമീൻ ഉണ്ടായിരുന്നു .ഒരിക്കൽ അവൾ നീന്തി കളിക്കുമ്പോൾ അകലെ ഒരു  കണ്ടു .അപ്പോൾ ഒരു ഞണ്ടു പറഞ്ഞു ;സുന്ദരീ മീനേ ആ വളയുടെ അടുത്തേക്ക് പോകല്ലേ അപകടമാണ് .'ഹും !ഞാനാണീ ലോകത്തു ഏറ്റവും ഭംഗിയുള്ള മീൻ .എനിക്ക് ഒരാപകടവും വരില്ല 'അവൾ പറഞ്ഞു .കുറെ ചെന്നപ്പോൾ അതാ ഒരു വലിയ ചൂണ്ട !അവൾ ചൂണ്ടയുടെ നേരെ നീന്തി തുടങ്ങി .അത് കണ്ടു ഒരു തവളച്ചാർ പറഞ്ഞു ;'സുന്ദരി മീനെ ആ ചൂണ്ടയുടെ അടുത്തേക്ക് പോകല്ലേ അപകടമാണ് .'ഹും ഞാനീ ലോകത്തെ ഏറ്റവും സുന്ദരി ,എനിക്ക് ഒരു അപകടവും വരില്ല 'അവൾ പറഞ്ഞു 'ഹോ !ഈ മണ്ടന്മാരുടെ കൂടെ താമസിക്കാൻ ഞാനില്ല ,'ഇതു പറഞ്ഞുകരയിലേക്ക് ഒറ്റ ചാട്ടം .കരയിലെത്തിയ സുന്ദരി മീൻ ശ്വാസം കിട്ടാതെ പിടഞ്ഞു .ഒരു വിധത്തിൽ അവൾ തിരികെ കുളത്തിലേക്ക് ചാടി .മീനുകൾക്ക് വെള്ളത്തിൽ മാത്രമേ ജീവിക്കാൻ പറ്റൂവെന്ന് ആ അഹങ്കാരിക്ക് മനസ്സിലായി.

# മഹത് വചനങ്ങൾ




ശത്രുവിനെ പോലും സുഹൃത്താക്കി മാറ്റാനുള്ള ശക്തി സ്നേഹത്തിന്

Pranav P , മാത്രമേ ഉള്ളൂ

Jyothis P R ,9D

--

**മാർട്ടിൻ ലൂഥർ കിംഗ്**




വലിയൊരു ലോകം മുഴുവൻ നന്നാവാൻ ചെറിയൊരു സൂത്രം

ചെവിയിലോതാം ഞാൻ 'സ്വയം നന്നാവുക '

**--കുഞ്ഞുണ്ണി മാഷ്**

ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം ,നമ്മുടെ ഉറക്കം

നഷ്ട്ടപെടുത്തുന്നതാണ് സ്വപ്നം

**--എ പി**

**ജെ അബ്ദുൽ  കലാം**

ഓരോ വീടും ഓരോ വിദ്യാലയമാണ് ,മാതാപിതാക്കൾ അധ്യാപകരും

**--ഗാന്ധിജി**



Vaishnavi A,9E

ലേഖനം

## സോഫിയ - പൗരത്വം നേടിയ ആദ്യ യന്ത്ര സുന്ദരി




പൗരത്വം ഇതുവരെ മനുഷ്യനു മാത്രമായിരുന്നു രാജ്യങ്ങൾ നൽകിയിരിക്കുന്നത് .ചരിത്രത്തിൽ ആദ്യമായി ഒരു രാജ്യം പൗരത്വം നൽകിയിരിക്കുന്നു .കൃത്രിമ ബുദ്ധി [ആർട്ടിഫിഷ്യൽ ഇന്റെലിജെൻസ് ]സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി നിർമിച്ച സോഫിയ എന്ന യന്ത്ര മനുഷ്യന് സൗദി അറേബ്യയാണ് ഔദ്യോഗികമായ പൗരത്വം നൽകി ചരിത്രം സൃഷ്ട്ടിച്ചത് .

സൗദിയിൽ നടന്ന ഫ്യൂച്ചർ ഇൻവെസ്റ്റിമെന്റ് ഇനിഷ്യേറ്റീവ്

കോൺഫെറൻസിൽ വെച്ച് 2017 ഒക്ടോബർ 25 ന് ആണ് സോഫിയക്ക് പൗരത്വം നൽകിയത് .ഈ അംഗീകാരത്തിൽ ഏറെ അഭിമാനം തോന്നുന്നുയെന്ന് ചടങ്ങിൽ സോഫിയ പ്രതികരിച്ചു .ഹോങ്കോഗിലെ ഹാൻസൺ റോബോട്ടിക്സ് ആണു ഈ റോബോട്ട് നിർമിച്ചത് .62 ൽ പരം മുഖഭാവങ്ങൾ പ്രകടിപ്പിക്കാനും സംസാരത്തിനനുസരിച്ച് ശരീരചലനങ്ങൾ സ്വീകരിക്കാനും സോഫിയയ്ക്ക് കഴിവുണ്ട് .ബ്രിട്ടീഷ് നടിയും, മോഡലും,ഡാന്സറുമൊക്കെയായ ഓഡ്രി ഹെപ്ബേണ്ണിന്റെ ( Audrey Hepburn ) മുഖച്ഛായയാണ് സോഫിയയ്ക്കു നൽകിയിരിക്കുന്നത് .ക്യാമെറകണ്ണുകളാണ് സോഫിയയ്ക്കുള്ളത് .പഴകാര്യങ്ങൾ ഓർത്തെടുക്കാനും പുതിയ കാര്യങ്ങൾ ഓർമയിൽ സൂക്ഷിക്കുവാനുമുള്ള കഴിവുണ്ട് .ഓരോരുതരുടെയും ഉച്ചാരണ വ്യത്യാസം തിരിച്ചറിഞ്ഞു അതിനനുസൃതമായ മറുപടി നൽകാനും വികാരവിചാരങ്ങൾ പ്രകടിപ്പിക്കാനും മിടുക്കിയാണ് സോഫിയ .

# कविता



अल्फ़िया .एस
9 E



## स्च्चा इन्सान

जीते ज्ते इन्सान के
सिर्फ दो ही मतलब होते है
देना सबको खुशियों और
लेने उनसे प्यार ।
जो निफाता है इनको
सच्चा उसे करेगा सब
क्योकि है ,वफादार वह ।
जो नहीं निभाता यह छूटा मानव कहलाता
न प्यार करेगा उसे कोई
क्योंकि बेवफ़ादार वह
वहीं सच्चा मित् कहलाता है ,
जो दूसरों के सुख -दुख में
शामिल होते है ।



## സമകാലികം

# മണ്ണിൽ പിറന്ന മാലാഖ

Jyothis P R,9D

**(മലാല യൂസഫ് സായി )**



1997 ജൂലൈ 12 ന് പാകിസ്ഥാനിലെ സ്വാറ്റ്വാലിയിലാണ് ഈ കൊച്ചുമിടുക്കി ജനിച്ചത് . പാക്കിസ്ഥാനിലെ പെൺകുട്ടികൾക്ക് കുഴിച്ചുമൂടപെട്ട വിദ്യാഭ്യാസത്തിനുവേണ്ടി സംസാരിച്ചതിനാൽ , വൈകുന്നേരം സ്കൂൾ വിട്ടു വീട്ടിലേക്കുള്ള യാത്രയിൽ താലിബാൻ ഭീകരരുടെ വെടിയേറ്റ മലാല , താലിബാൻ വ്യാമോഹത്തിൽ ജീവിച്ചിരിക്കുന്ന രക്തസാക്ഷിയാണ് . ഇത്രയും ചെറുപ്രായത്തിൽ ത്തന്നെ ലോകത്തിന്റെ ആദരവ് നേടിയ മറ്റൊരു പെൺകുട്ടിയെകുറിച്ച ഞാൻ കേട്ടിട്ടില്ല . മലാലയ്ക്ക് ധീരതയ്ക്കുള്ള ദേശീയഅവാർഡ് പാക്ക് സർക്കാർ നൽകിയിരിക്കുന്നു . കൂടാതെ 2014 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനവും ഈ മാലാഖയ്ക്ക് ലഭിച്ചിരുന്നു . മലാലയുടെ ഏറ്റവും വലിയ ആഗ്രഹം പാക്കിസ്ഥാൻ പ്രധാനമന്ത്രി ആകുകയെന്നതാണ് . എന്നും പെൺകുട്ടികൾക്ക് അഭിമാനിക്കാൻ കഴിയുന്ന ധീരതയുടെ പ്രതീകമാണ് " മലാല യൂസഫ്സായ് " . സെപ്റ്റംബർ 10 അന്താരാഷ്ട്ര മലാല ദിനമായി ആചരിക്കുന്നു .

# ലേഖനം





അദീബ സലാം9 E

## മാതൃത്വത്തിന്റെ കവയത്രി

ഭാവഗീതങ്ങളിലൂടെയാണ് ബാലാമണിയമ്മ കേരളീയ ഹൃദയങ്ങളിലേക്ക് കടന്നു വന്നത്
. നാലപ്പാട്ട് നാരായണ മേനോൻ , ജി. ശങ്കരക്കുറുപ്പ് , ചങ്ങമ്പുഴ , പി . കുഞ്ഞിരാമൻ നായർ , വൈലോപ്പിള്ളി തുടങ്ങിയവർ ഭാവഗീതങ്ങളിലൂടെ സ്ഥാനം നേടിയവരാണ് . ബാലാമണിയമ്മയുടെ ഭാവഗീതങ്ങളിൽ ദാർശനിക അരിവേഷം കാണാൻ കഴിയും
.മാതൃവാത്സല്യമാണ് ഭാവഗീതങ്ങളിലെ മുഖ്യധാര .മാതൃത്തത്തിന്റെകവയിത്രി എന്നാണ് ബാലാമണിയമ്മയെ വിശേഷിപ്പിക്കുന്നത് .കുഞ്ഞികളെ നോക്കി മനുഷ്യനെ പഠിച്ച ഏക കവയിത്രിയാണ് അവർ .ആത്മീയതയുടെ സുഗന്ധം തുടക്കം മുതലേ ബാലാമണിഅമ്മയുടെ കവിതകൾക്കുണ്ടായിരുന്നു .

കൂപ്പുകൈ ,അമ്മ ,കുടുംബിനി ,ധർമ മാർഗത്തിൽ ,ഭാവനയിൽ ,പ്രഭാങ്കുരം ,ഊഞ്ഞാലിൻമേൽ ,അമ്പലത്തിൽ ,വെയിലാറുമ്പോൾ, അവർ പാടുന്നു ,നിവേദ്യം ,സോപാനം ,എന്നിവയാണ് ബാലാമണിയമ്മയുടെ കാവ്യ സമാഹാരങ്ങൾ
."കുറൂരമ്മയ്ക്ക് അമ്പാടി പൈതൽ എന്ന അനുഭവം പോലെ പൈതൽ ബാലാമണിയമ്മയുടെ മനസിനെ
ആത്മീയ വിവക്ഷയാക്കുന്നു " എന്ന് 'മലയാള സാഹിത്യ ചരിതം ' എന്ന പുസ്തകത്തിൽ ഡോ .കല്പ്പറ്റ ബാലകൃഷ്ണൻ പ്രതാവിച്ചിരിക്കുന്നു .

"ഏതിനെ പുൽകുവാനേതിനെ ചുംബിക്കാൻ
മാതൃഹൃദയമേ വെമ്പുന്ന നീ "

എന്ന് ഈ അനുഭൂതിയെ അവർ തന്നിൽ തന്നെ തിരക്കുന്നു .സ്ത്രീതത്വത്തിന്റെ ഈ ആത്മീയ വിവക്ഷത ബാൽമണിയമ്മയുടെ കവിതയുടെ ഒന്നാം ഭാഗമാണ്
ബാലാമണിയമ്മയുടെ
കവിതയ്ക്ക് ഒരു രണ്ടാം ഭാഗമുണ്ട് ."ധിഷണാപരതയും വികാരപരതയും ഒരു സവിശേഷമായ
അനുപാതത്തിൽ സമ്മേളിക്കുന്നതിനാൽ അത്യന്തം ആകർഷകമായ പരിപക്വത രണ്ടാം
ഘട്ടത്തിലെ കവിതകൾക്കുണ്ടെന്ന് ഡോ . എം . ലീലാവതി 'വർണ്ണരാജി ' എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു .
ഒരു മഴുവിന്റെ കഥ വിശ്വാമിത്രൻ , വിഭീഷണൻ , ച്യവനൻ , തുടങ്ങിയ കൃതികൾ പരിപക്വതയ്ക്ക് ഉദാഹരണമാണ് .

മാതൃഭാവത്തിന് പുറമേ ഭക്തിയും വിശുദ്ധിയും ബാലാമണിയമ്മയുടെ കവിതകളിലെ മറ്റു രണ്ടു ഘടകങ്ങളാണ് .മലയാളകവിതകൾക്കു ആ ഭാവം പകർന്നു കൊണ്ട് മലയാളികളുടെ അമ്മയായി ബാലാമണിയമ്മ ആസ്വാദക ഹൃദയങ്ങളിൽ സ്ഥാനം നേടികഴിഞ്ഞിരിക്കുന്നു .

## കവിത



ഫാത്തിമ .m s,9c

# സമ്മാനം



ചെമ്മാനം ചെമ്മാനം
പടിഞ്ഞാറൊരു ചെമ്മാനം
സന്ധ്യക്കൊരു സമ്മാനം
കതിരവന്റെ സമ്മാനം

മന്ദാരം മന്ദാരം
മഞ്ഞണിഞ്ഞ മന്ദാരം
മന്ദാരത്തിനു കിന്നാരം
മധുപം തന്നൊരു സമ്മാനം

ഊഞ്ഞാലിൽ ഊഞ്ഞാലിൽ
കനവെല്ലാം ആടുമ്പോൾ
നിനവെല്ലാം കതിർ ചൂടൻ
അരികിൽ നീ സമ്മാനം

സമ്മാനം സമ്മാനം
മാലോകർക്കൊരു സമ്മാനം..................

## Poem

Vismaya.P.Nair
6 C

# NEW YEAR

## DELIGHT




Hello my misty NewYear,
What an enchanting glory !
Your evergreen freshness last so long.
The sparkling scenes that add the brightness
Make the rest of magic.

The silver moonlight along the valley.
The romantic scent of blooming buds
And the glowing pearls in caskets
Are all that I was eagerly waiting for ...........



ലേഖനം

ഷഫ്ന . എം,9E

## ഓർമച്ചെപ്പ്



പൊളാഡ് ഇന്നും എന്റെ സുഹൃത്തതാണ് .അസർ ബൈജാനിൽ നിന്നും എനിക്ക് കിട്ടിയ സുഹൃത്ത്.സഞ്ചാരം ചിത്രീകരിക്കാനായി അസര്ബൈജാനിലെത്തിയപ്പോൾ ആ രാജ്യത്തിന്റെ തലസ്ഥാനമായ ബാക്കുവിൽ വച്ചാണ് ഞാൻ പൊളാഡിനെ പരിചയപ്പെടുന്നത് .എന്റെ അന്വേഷണത്തിന്റെ ഒടുവിലാണ് അങ്ങനെയൊരാളെ പരിചയപ്പെടുന്നത് .അസര്ബൈജാനിൽ ചെന്നപ്പോൾ ഭാഷയായിരുന്ന ഞാൻ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. ഇംഗ്ലീഷ് അറിയാവുന്നവർ വളരെ ചുരുക്കം.എല്ലാവരും സംസാരിക്കുന്നത് അസർബൈജാനി മാത്രം.ടാക്സി ഡ്രൈവർമാരാകട്ടെ ഹോട്ടൽ ജീവനക്കാരാകട്ടെ ,കച്ചവടക്കാരാകട്ടെ എല്ലാവരും

അസർബൈജാനി ഭാഷ മാത്രം സംസാരിക്കുന്നവർ.

ആ രാജ്യത്തെത്തിയതിന്റെ ആദ്യ ദിവസം ഞാൻ ബാക്കു നഗരത്തിലൂടെ കാഴ്ചകൾ ചിത്രീകരിച്ചു കൊണ്ട് രാവേറെ ചെല്ലും വരെ നടന്നു. മനോഹരമായ ഒരു നഗരമാണ് ബാക്കു ,അതിന്റെ ഉദ്യാനങ്ങളും ആളുകളൊത്തുകൂടുന്ന ചത്വരങ്ങളും വിശാലമായ തെരുവുകളുമെല്ലാം കണ്ടു കൊണ്ട് ചരിത്ര മന്ദിരങ്ങൾ വിശദമായി ക്യാമറയിൽ പകർത്തിക്കൊണ്ടു ഒരു നടത്തം. ആ ദൃശ്യങ്ങളെല്ലാം പിന്നീട് സഞ്ചാരത്തിലൂടെ സംപ്രേഷണം ചെയ്യുകയുമുണ്ടായി.

"അക്ഷരതാളിൽ എഴുതിടുന്ന ഓർമകൾ
മിഴി നനഞ്ഞു ഓർത്തിടുന്ന ഓർമകൾ
അത് മഞ്ഞുരുകി പെയ്തിറങ്ങി ............"

നഗരത്തിൽ ആരുടേയും സഹായമില്ലാതെ എത്ര ദിവസം വേണമെങ്കിലും സഞ്ചാരം ചിത്രീകരിച്ചു കൊണ്ട്നടക്കാം .പക്ഷെ ,ഉൾനാടുകളിലേക്കു പോകുമ്പോൾ അവിടുത്തെ ഭാഷ അറിയുന്ന ഒരു സഹായി വേണം .അങ്ങനെയൊരാളെ കണ്ടെത്താനാവുന്നില്ല .ബാക്കു നഗരത്തിലെ ഷൂട്ടിംഗ്കഴിഞ്ഞു ഹോട്ടൽ മുറിയിൽ തിരിച്ചെത്തിയ ഞാൻ ഇൻറർനെറ്റിൽ പരതി നഗരത്തിലെ കുറേ ടൂർ ഏജന്റുമാരുടെ ഫോൺ നമ്പർ സംഘടിപ്പിച്ചു .പിറ്റേന്ന് രാവിലെ അതിൽ ഓരോ നമ്പറിലേക്കും വിളിച്ചു .

മിക്യവരും സംസാരിക്കുന്നത് അസർബൈജാനിലാണ് .പ്രതീക്ഷ അസ്തമിച്ചു ,ഫലമൊന്നുമുണ്ടാകില്ലെന്ന ചിന്തയോടെ അവസാനത്തെ ഒരു നമ്പറിൽ വിളിച്ചു .ഭാഗ്യം ! മറുഭാഗത്തുള്ളവർക്കു ഇംഗ്ലീഷ് അറിയാം,"പറയൂ ,എന്തു സഹായമാണ് വേണ്ടത് ?"അയാൾ ഇംഗ്ലീഷിൽ ചോദിച്ചു .

ഞാൻ ,എന്റെ യാത്രയുടെ ഉദ്ദേശം അയാളോട് പറഞ്ഞു .അയാൾക്ക് താല്പര്യമായി ."ഗോബുന്ദൻ മരുഭൂമിയിലേക്കും ,കോക്കസസ് പർവ്വതനിരകളിലെ ഗ്രാമങ്ങളിലേക്കും എനിക്കു പോകണം. അതിനായി ഇംഗ്ലീഷ് അറിയുന്ന ഒരു ടാക്സി ഡ്രൈവറെ സങ്കടിപ്പിച്ചു തരുക , ഞാൻ പറഞ്ഞു.

"ഇംഗ്ലീഷ് അറിയുന്ന ടാക്സി ഡ്രൈവറെ കിട്ടുക പ്രയാസമായിരിക്കും . അൽപ്പം കാത്തിരിക്കു , എന്തെങ്കിലും വഴിയുണ്ടോയെന്നു നോക്കട്ടെ ".

അയാൾ ഫോൺ കട്ട് ചെയ്തു .കാര്യം നടക്കുമെന്ന് എനിക്ക് വലിയ പ്രതീക്ഷയൊന്നും ഇല്ലായിരുന്നു .പക്ഷെ അൽപ്പസമയത്തിനകം അയാളുടെ ഫോൺ വന്നു .

'ഒരാളുണ്ട് 'അയാൾ പറഞ്ഞു .

'ടൂർ ഗൈഡല്ല. ടാക്സി ഡ്രൈവറുമല്ല ,ഇംഗ്ലീഷ് അറിയാം . സ്വന്തം കാറുമായി അയാൾ

വരും.കുളിയൊക്കെ നിങ്ങൾ തമ്മിൽ പറഞ്ഞുവെച്ചാൽ മതി '

അയാളുടെ പേര് പോളാട് എന്നാണെന്നും ബാക്കുവിലെ ഒരു ഓയിൽ കമ്പനിയിൽ ഉദ്യോഗസ്ഥനാണെന്നും ടൂർ ഏജന്റ് പറഞ്ഞു . ഞാൻ സമ്മതിച്ചു.പോളാട് പറഞ്ഞു

ബാക്കുവിലെ ചരിത്രസ്മാരകമായ മെയിഡൻ ടവർ എന്ന കൂറ്റൻ ഗോപുരത്തിന്റെ ചുവട്ടിൽ ഞാൻ പോലാഡിനെ കാത്തുനിന്നു . അയാൾ അവിടേക്ക് എത്തിക്കൊള്ളാമെന്നാണ് എന്നെ സഹായിച്ച ടൂർ ഏജൻറ് പറഞ്ഞിരിക്കുന്നത്.സിൽവർ നിറമുള്ള ഒരു കാറുമായാണ് പോലാഡ് വന്നത് .ഹൃദ്യമായി ചിരിക്കുന്ന ഒരു ചെറുപ്പക്കാരൻ .പക്ഷെ ,ആദ്യമൊന്നും അയാൾ അധികം സംസാരിച്ചില്ല .ബാക്കു നഗരത്തിൽ നിന്ന് 50 കിലോമീറ്റർ അകലെയുള്ള ഒരു മലമ്പ്രദേശത്തിലേക്കാണ് ഞങ്ങൾ ആദ്യം പോയത് .ഗോബുസ്ഥാൻ എന്നറിയപ്പെടുന്ന ഒരു പ്രദേശം .പതിനായിരക്കണക്കിന് വർഷം മുൻപ് വലിയ ഒരു നൃന സമൂഹം വസിച്ചിരുന്ന സ്ഥലമാണ് .അന്നവർ പാറയിൽ വരച്ചു വെച്ച നിരവധി ചിത്രങ്ങൾ ഇപ്പോഴും അവിടെയുണ്ട് .അതാണ് ആ പ്രദേശത്തിന്റെ ആകർഷണവും .

അവിടം സന്ദർശിച്ച ശേഷം പോളാട് എന്നെ ഗോബുസ്ഥാനിലെ മഡ് വോൾകാനോകൾ കാണാനായി കൊണ്ട് പോയി .എപ്പോഴും ലാവാ പുറത്തേക്കു ഒഴുകിക്കൊണ്ടിരിക്കുന്ന നൂറുകണക്കിന് കളിമൺപുറ്റുകളുള്ള ഒരു മരുഭൂമി പ്രദേശം .അവിടേക്കു പോലാദിന്റെ കാറിൽ പോകാനാവില്ല .വഴിയത്രെ ദുർകടമാണെന്നതാണ് കാരണം .മരുഭൂമിയുടെ അതിരിലെ ഒരു ഗ്രാമത്തിൽ നിന്ന് ഒരു പഴഞ്ചൻ കാറ് ഡ്രൈവറെയും സംഘടിപ്പിച്ചു പോളാട് ,പോലാടിന്റെ കാർ വഴിയിൽ ഒരിടത്തു പാർക്കു ചെയ്തു ,പഴഞ്ചൻ ശകടത്തിലായി പിന്നെ യാത്ര .അപ്പോൾ ആ കാറോടിക്കുന്ന ഗ്രാമീണനും എനിക്കുമിടയിലെ ദ്വിഭാഷിയായി പോളാട്

മഡ് വോൾകാനോകൾ അത്ഭുതകരമായ കാഴ്ചയായിരുന്നു .ചെറിയ മൺപുറ്റുകൾ .അതിൽ നിന്നെല്ലാം തണുത്ത ലാവ ഒഴുകി പരക്കുകയും ചിലതിൽ നിന്ന് വെള്ളം ചീറ്റി തെറിക്കുകയും ചെയ്യുന്നു .ആയിരകണക്കിന് വർഷങ്ങളായി തുടരുന്ന പ്രതിഭാസമാണ് ഇത് .അന്ന് തന്നെ ഞങ്ങൾ പോലാടിന്റെ കാറിൽ യാനാർദാഗ് എന്നൊരു മലയും സന്ദർശിച്ചു .അവിടെ മറ്റൊരു അത്ഭുതവുമുണ്ട് ,പലയിടത്തും പാറയിൽ തീ ആളിക്കത്തികൊണ്ടിരിക്കുന്ന .നൂറുകണക്കിനു വർഷങ്ങളായി തീ കത്തി കൊണ്ടിരിക്കുകയാണിവിടെ ഭൂമിക്കടിയിൽ ,അയാൾ ചോദിച്ചില്ല അതിനു മുൻപേ ഞാൻ അങ്ങോട്ടു മറ്റൊരു ചോദ്യം ചോദിച്ചു .പോളാട് ,നാളെയും നിങ്ങൾക്കു എന്റെ കൂടെ വരാനാകുമോ ? അയാളുടെ മുഖം തെളിഞ്ഞു .

"നാളെ കിനാലുകിലേക്കു പോയാലോ ?

"കിനാലുകി അത് വളരെ അകലെയാണു ,കൊക്കേഷ്യൻ പർവ്വതനിരയുടെ മുകളിലാണ് ,അവിടംവരെ പോകണോ ?

"അതെ ",ഞാൻ പറഞ്ഞു ."കൂടെ വരാൻ പോലാഡിനു ധൈര്യമുണ്ടോ ?" "അവിടേക്കുള്ള വഴി മഞ്ഞുവീഴ്ച.

## പ്രയാണം

പതിവാണ് .വാഹനം പോകുമോയെന്ന ഞാൻ ഒന്ന് അന്വേഷിക്കട്ടെ "പോളാട് പറഞ്ഞു പെട്ടന്ന തന്നെ പോളാട് ആരെയെല്ലാമോ ഫോണിൽ വിളിച്ചു .അസർ ബൈജാനി ഭാഷയിൽ സംസാരിച്ചു തുടർന്ന് എന്നോട് പറഞ്ഞു "ശെരി ,നാളെ പോകാം നേരത്തെ തന്നെ പുറപ്പെടാം ".

എന്നെ മെയ്ഡൻ ടവറിന്റെ ചുവട്ടിൽ ഇറക്കി പോകാൻതുനിഞ്ഞ നിന്നും വമിക്കുന്ന പ്രകൃതി വാതകമാണ് കത്തുന്നതെന്നും ജ്വലിച്ചു കൊണ്ടിരിക്കുന്ന മാല .അതാണ് യാനാർതാഗ് ,യാനാർതാഗിൽ നിന്ന മടങ്ങുമ്പോൾ പോളാട് നിശബ്തനായിരുന്ന്.ഒരു ദിവസത്തെ യാത്രക്കിടയിൽ ഞങ്ങൾ പരസ്പരം പരിചയപെട്ടു കഴിഞ്ഞു .മെക്കാനിക്കൽ എഞ്ചിനിയറാണ് പോളാട് ,ജോലിയിൽ നിന്ന് ലീവ് എടുത്താണ് ഇന്ന് എന്റെ കൂടെ വന്നിരിക്കുന്നത് .

പരിചിതനായി എന്നതിനപ്പുറം നല്ലൊരു സൗഹൃദമൊന്നും ഞങ്ങൾ തമ്മിൽ രൂപപ്പെട്ടിട്ടില്ല .നാളെയും എനിക്ക് ദീർക്കമായ യാത്രയുണ്ടെന്ന പോളാഡിനറിയാം അതിനായി താൻ കാറുമായി വരണമോയെന്ന് അയാൾ ഇതുവരെ ചോതിച്ചിട്ടുമില്ല .

പോളാട് എത്രയായിരിക്കും എന്ന് കൂലിയായി ആവശ്യപ്പെടുക എന്നതിലായിരുന്ന എന്റെ ഉത്കണ്ഠ ,അവൾ ടാക്സി ഡ്രൈവറല്ല എഞ്ചിനീയർ ആണ് .ഇംഗ്ലീഷ് അറിയുന്നവൻ ,നല്ലൊരു തുക തന്നെ അയാൾ ആവശ്യപ്പെടുമെന്ന ഞാൻ കരുതി അതിന മറ്റു കാരണങ്ങൾ കൂടിയുണ്ട് .ഇന്നൊരു ദിവസം ഞാൻ കയറിയ മ്യൂസിയങ്ങളിലും പുരാവസ്തു സൈറ്റുകളുമെല്ലാം എനിക്ക് വേണ്ടി ടിക്കറ്റ് എടുത്തത് പോളാടാണ് .ഭക്ഷണം കഴിച്ചാൽ പണം നൽകുന്നതും പോളാട് തന്നെ .കാറിൽ കയറിയ ഉടനെ പണം തിരികെ കൊടുക്കാൻ ഞാൻ പേഴ്സ് എടുക്കുമ്പോൾ പോളാട് പറയും .

"എല്ലാം നമുക്ക് ഒടുവിൽ സൈറ്റിൽ ചെയാം "

വൈകുന്നേരം എന്റെ പക്കൽ നിന്ന് വലിയൊരു തുക വാങ്ങാനാണ പോലാഡിന്റെ തീരുമാനമെന്ന് ഞാൻ ഊഹിച്ചു .വൈകുന്നേരത്തോടെ തിരികെ നഗരത്തിലെത്തി പണം പോലാടിനോട് ഞാൻ ചോദിച്ചു ."പോളാട്,നിങ്ങൾ കൂലിവേണ്ടേ ? തുക എത്രയാണെന്ന പറയൂ "

"ഞാൻ തുക പറയുന്നില്ല ,താങ്കൾ തന്നോളൂ " പോളാട് പറഞ്ഞു .

"നിങ്ങളുടെ കൂലി എനിക്കറിയില്ലല്ലോ?" ഞാൻ പറഞ്ഞു .സാധാരണയായി ഒരു രാജ്യത്തു ചെല്ലുമ്പോൾ ഒരു ദിവസത്തേക്ക് നിങ്ങൾ ടാക്സിക്കൂലിയായി എത്രയാണ് നൽകുക ?"

അയാൾ ചോദിച്ചു "ഓരോ രാജ്യക്കാരും വ്യത്യസ്തമാണ് .എങ്കിലും ശരാശരി നൂറു ഡോളർ " - നാജ് പറഞ്ഞു

"ശെരി ,എനിക്ക് എൺപതു ഡോളർ തരു "ഞാൻ എൺപതു ഡോളർ എടുത്തു കൊടുക്കുമ്പോൾ ഒരു കാര്യം കൂടി ചോദിച്ചു " ഭക്ഷണത്തിന്റെ വിലയും എൻട്രി ടിക്കറ്റ് ചാർജുമെല്ലാം തങ്ങളാണ് കൊടുത്തത് .അതു വേണ്ടേ ?"ആ കണക്കു നമുക്ക് പിന്നീട് പറയാം " എന്ന് പറഞ്ഞു എനിക്ക് നല്ലൊരു സമ്മാനിച്ചു .പോളാട് കാറോടിച്ചു പോയി പോളാട് എന്നെ ശെരിക്കും അത്ഭുതപ്പെടുത്തി .ആ മനുഷ്യനെ എന്നും ഞാൻ ഓർക്കാറുണ്ട് .

Poem

# Rain





Fathima M S, 9C

Rain, gift of God
Rain blessing of God
It is beautiful
It is graceful
It falls as droplets
Droplets of happiness
Rain falls from the sky
It is cold
Rain brings a breeze
Breeze of happiness
All need rain
Rain is great



Jyothis P.R
9 D

bout

# DR A.P.J ABDUL KALAM; A TRUE STORY




Abul Pakeer Jainulabdeen Abdul Kalam (Born15 October 1931)usually known as Dr A. P.J Abdul Kalam is an Indian scientist and administrator who served as the 11th president of India from 2002 to 2007. Before his term as a President,he worked as an Indian aerospace engineer with Defence Reserch and Development Organisation [ISRO] .Kalam is popularly known as a missile man of India for his work on the development of ballistic missile and launch vechile technology.Kalam advocated plans to develope India into a developed nation by 2020 through his book 2020.He has received several prestigious awards including the Bharat Ratna, India's highest civilian honour. Kalam is known for his motivational speeches and interactions with the students community in India.He instructed the youth to defect corruptions.



Smruthy Haridas
9 E

# A GEOMETRICAL MARRIAGE INVITATION



(xy) colony
square no 3+6=9
geometry= 100000+100058=200058
dear Mr.  triangle,

yesterday I recieved a circular letter from your son parallelogram.  How is your aunt trapezium? my younger brother rectangle is getting married to quadrilateral .  so you are  cordially invited for dinner on 7+5+1+6=19th june . hope you will come along with your family. we have invited the world famous HEXAGON BAND.

YOUR'S

**circle and cylinder**